JESUS REDEEMS MINISTRIES

# യുവജനലോകം

ജൂലൈ 2024

സുവിശേഷമെന്ന സുവാർത്ത
പ്രഘോഷിക്കുവാനായി ഒരു മനുഷ്യനെ
ഉണർത്തി, എഴുന്നേൽപ്പിക്കുക എന്നത്
കർത്താവിനോടുള്ള അടങ്ങാത്ത ...

# അനുഗ്രഹം...



# ആമുഖം



# അടങ്ങാത്ത ആഗ്രഹം!

എന്റെ പ്രിയ യൗവനക്കാരായ മകനേ (ളേ), യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ സ്നേഹാശംസകൾ! യൗവനക്കാരായ നിങ്ങളെ കർത്താവ് ഒരു വലിയ ഉദ്ദേശ്യത്തോടെയാണ് സൃഷ്ടിക്കുകയും, മെനഞ്ഞെടുക്കുകയും, ശക്തിപ്പെടുത്തുകയും ചെയ്തിരിക്കുന്നത് എന്നതിൽ ഒരു സംശയവുമില്ല. ഓരോ മാസവും നിങ്ങൾ ഓരോ പുതിയ വെല്ലുവിളികളിലൂടെ കടന്നുപോകുന്നതായി ഞാൻ മനസ്സിലാക്കുന്നു. ആ വെല്ലുവിളികളെയെല്ലാം അതിജീവിച്ച് ഉന്നതിയിലെത്തുന്ന ഒരു കൂട്ടർ ഉണ്ട്. അതേ സമയം ആ വെല്ലുവിളികളെ നേരിട്ട് തളർന്നുപോകുന്ന ഒരു കൂട്ടരുമുണ്ട്. നിങ്ങൾ വെല്ലുവിളികളെ നേരിടുന്ന യൗവനക്കാർ മാത്രമല്ല, നേട്ടം കൈവരിക്കുന്ന യൗവനക്കാരുമാണെന്ന് ഓർക്കണം. കർത്താവ് ദൈവമാണെന്ന് ഏലിയാവിനെപ്പോലെ നിങ്ങളും വിശ്വസിക്കണം. നിങ്ങളെ പ്രലോഭിപ്പിക്കുവാനും, താഴ്ത്തുവാനും, നശിപ്പിക്കുവാനും സാത്താൻ എത്ര തവണ ശ്രമിച്ചാലും, നിങ്ങളെ സംരക്ഷിക്കുവാനും പരിപാലിക്കുവാനും യേശു ഉണ്ടെന്ന കാര്യം മറക്കരുത്.

ഇന്ന് ലോകത്തിലുള്ള യുവജനങ്ങൾക്ക് നിരവധി ആഗ്രഹങ്ങളും വാഞ്ഛകളും ഉണ്ട്. അവ പിന്തുടരുന്നതിനായി ജീവിതത്തിൽ നിരവധി ബുദ്ധിമുട്ടുകൾ നേരിടുന്നു. എന്നാൽ ദൈവമക്കളായ നിങ്ങളുടെ വാഞ്ഛയും ആഗ്രഹവും ദൈവഹിതം നിവർത്തിക്കുന്നതാണെങ്കിൽ, നമുക്ക് ശ്രേഷ്ഠത കാണുവാൻ കഴിയും.

ഇംഗ്ലണ്ടിൽ നിന്നുള്ള വില്യം കേറി എന്ന യൗവനക്കാരൻ ഒരു സാധാരണ ഷൂ റിപ്പയറായി ജോലി ചെയ്തിരുന്നു. എന്നാൽ ഇന്ത്യയിലേക്ക് സുവിശേഷം എത്തിക്കണമെന്നത് അദ്ദേഹത്തിന്റെ അടങ്ങാത്ത ആഗ്രഹമായിരുന്നു. ജോലിസ്ഥലത്ത് പോലും അദ്ദേഹം ഇന്ത്യയുടെ ഭൂപടം വച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കും. അനേകം കഷ്ടപ്പാടുകൾക്കും നഷ്ടങ്ങൾക്കുമിടയിലും സുവിശേഷം പ്രസംഗിക്കുവാൻ സ്വയം സമർപ്പിച്ചു. ഇന്ത്യയിലേക്ക് സുവിശേഷം കൊണ്ടുവരിക മാത്രമല്ല, ബംഗാളി, ഒറിയ, മറാഠി, ഹിന്ദി, അസമീസ്, സംസ്കൃതം തുടങ്ങിയ ഭാഷകളിലേക്ക് വിശുദ്ധവേദപുസ്തകം പരിഭാഷപ്പെടുത്തുകയും ചെയ്തു. കൂടാതെ വിശുദ്ധ വേദപുസ്തകത്തിലെ ചില ഭാഗങ്ങൾ മാത്രം 29 ഭാഷകളിലേക്ക് അദ്ദേഹം വിവർത്തനം ചെയ്തു. കർത്താവിനായി ഇത്തരത്തിൽ നിരവധി കാര്യങ്ങൾ നേടിയെടുക്കുവാനുള്ള കാരണം കർത്താവിനോടുള്ള അടങ്ങാത്ത ആഗ്രഹമാണ്.

**"കർത്താവിൽ നിന്ന് വലിയ കാര്യങ്ങൾ പ്രതീക്ഷിക്കുക; കർത്താവിനായി വലിയ കാര്യങ്ങൾ ചെയ്യുക"**

എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

**കർത്താവിനോടുള്ള വാഞ്ഛയാൽ കർത്താവിനായി സ്വയം സമർപ്പിച്ചവർ അനേകർ. ആ പട്ടികയിൽ നിങ്ങളും വാഞ്ഛയുള്ള ഒരു യോദ്ധാവായി തുടരുവിൻ, എഴുന്നേറ്റ് ഉണർവിനുവേണ്ടി പോരാടുവിൻ!**
**കർത്താവ് ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്ന അടുത്ത വില്യം കേറി നിങ്ങളായിരിക്കാം! പ്രാർത്ഥനയോടെ പ്രവർത്തിക്കുവിൻ!**

ക്രിസ്തുവിന്റെ വേലയിൽ
മോഹൻ സി. ലാസറസ്

solethreads

# കാൽ ചുവടുകൾ



**യുവ വിജയികൾക്ക് എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ! ജീവിതയാത്ര രസകരമാണ്. ചില ദിവസങ്ങളിൽ നമ്മൾ ആഗ്രഹിച്ചത് ലഭിക്കും, ചില ദിവസങ്ങൾ നിരാശയിൽ അവസാനിക്കും. എന്നാൽ ലോകത്തിൽ നാം ജീവിക്കുന്ന ഓരോ മിനിറ്റും നമുക്കുവേണ്ടിയാണ് ഓടുന്നതെന്ന് ഓർക്കുക. രസകരമായ ജീവിതത്തോടൊപ്പം വരുന്ന പ്രതിബന്ധങ്ങളെയും ധീരതയോടെ നേരിടുന്നവരാണ് ജയാളികൾ. ഇന്ന് നമുക്ക് മാതൃകയായി ഒരു നേട്ടക്കാരന്റെ ജീവിതം നിങ്ങളുടെ മുന്നിൽ ..**

ഡൽഹി സ്വദേശിയായ ഗൗരവ് ചോപ്ര പ്രശസ്ത പാദരക്ഷ ബ്രാൻഡുകളായ ബാറ്റ, ഹഷ്, പപ്പീസ്, പ്യൂമ, ബെനറ്റൺ എന്നിവയിൽ പാദരക്ഷ ഡിസൈനറായി പ്രവർത്തിച്ചിരുന്നു. ഉപഭോക്താക്കൾക്ക് ഓപ്പൺ ഷൂസ് ഡിസൈൻ (flip - flop) ഇഷ്ടമാണെന്ന് മനസ്സിലാക്കിയതോടെ അവ നിർമ്മിക്കുന്നതിൽ കൂടുതൽ താൽപര്യമുണ്ടായി. എന്നാൽ ഈ പാദരക്ഷ ബ്രാൻഡുകൾ നൂതനമായ ഡിസൈനുകൾ നിർമ്മിക്കുന്നതിൽ കൂടുതൽ ശ്രദ്ധയും സമയവും ചെലവഴിക്കുന്നില്ലെന്ന് മനസ്സിലാക്കിയ ഗൗരവ് ഉപഭോക്തൃ ബ്രാൻഡ് വിദഗ്ധരായ സുമന്ത് കഗാരിയ, വിക്രം അയ്യർ, അപ്രജിത് കതൂരിയ എന്നിവരുമായി ചേർന്ന് ബ്രാൻഡഡ് flip - flopകളുടെ ആവശ്യം നിറവേറ്റുന്നതിനായി 2018 നവംബറിൽ sole threads പുറത്തിറക്കി.

ഇന്ത്യയിൽ flip - flops ന് ജനപ്രീതി ഉണ്ടായിരുന്നിട്ടും, അത്തരം തുറന്ന പാദരക്ഷകൾക്കായി സംഘടിത വിപണിയിൽ തനിക്കായി ഒരു സ്ഥാനം ഉണ്ടാക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. യൗവനക്കാരിൽ ശ്രദ്ധ കേന്ദ്രീകരിച്ച് നൂതനമായ ഡിസൈനുകൾ സൃഷ്ടിക്കുക എന്നതാണ് ഈ ബ്രാൻഡിന്റെ ലക്ഷ്യം.

കുറഞ്ഞ നിക്ഷേപത്തിൽ ലളിതമായി ആരംഭിച്ച കമ്പനി, 2019 ഡിസംബറിൽ പ്രധാന ഇ - കൊമേഴ്സ് പ്ലാറ്റ്ഫോമുകളിൽ വളരെ വലിയ പ്രതികരണവും ഉപഭോക്താക്കളുടെ സഹകരണം നേടുകയും ചെയ്തു.

ലോഞ്ച് ചെയ്ത് നാല് മാസത്തിനുള്ളിൽ, Sole threads ആമസോണിൽ Rs.50 ലക്ഷം GMV കടന്ന്, വളർന്നു വരുന്ന ബ്രാൻഡായി ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം അംഗീകരിച്ചു. മൊത്തത്തിൽ, ആരംഭിച്ച് ഏഴ് മാസത്തിനുള്ളിൽ ഇത് ഒരു കോടി രൂപ വരുമാനം നേടിയെടുത്തു.

Sole threads ഇന്ത്യയിൽ മാത്രമാണ് നിർമ്മിക്കുന്നത്. ഏതോ ഒരു തരം ഷൂ ഉണ്ടാക്കുന്നതിനു പകരം ഗ്രാഫിക് ഡിസൈൻ, പിവിസി സ്ട്രാപ്പ് തുടങ്ങി നിരവധി സാങ്കേതിക വിദ്യകൾ ഉപയോഗിച്ചാണ് ഓരോന്നും ഗംഭീരമായി നിർമ്മിച്ചിരിക്കുന്നത്. ആമസോൺ, ഫ്ലിപ്കാർട്ട്, മിന്ത്ര തുടങ്ങിയ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലും വെബ്സൈറ്റിലുമാണ് സോൾത്രെഡ്സ് വിൽപ്പന നടത്തുന്നത്

ഗൗരവിന്റെ ജീവിതയാത്ര വായിക്കുമ്പോൾ ലളിതമായി നേട്ടങ്ങൾ കൈവരിച്ചുവെന്ന് തോന്നാം. പക്ഷേ ഒരു പുതിയ ബ്രാൻഡ് ഉണ്ടാക്കുന്നത് ആളുകൾക്ക് ആകർഷകമാക്കി മാറ്റുവാൻ വളരെയധികം അദ്ധ്വാനവും അർപ്പണബോധവും ആവശ്യമാണ്! എങ്കിൽ മാത്രമേ അത് നേടിയെടുക്കുവാൻ കഴിയൂ. ചുരുങ്ങിയ കാലത്തിനുള്ളിൽ സൗഹൃദത്തിലായ ഇവർ തങ്ങളുടെ കഠിനാധ്വാനം കൊണ്ടും വൈദഗ്ധ്യം കൊണ്ടും ഉപഭോക്താവിന്റെ ആവശ്യങ്ങൾ തക്കസമയത്ത് മനസ്സിലാക്കി പുതിയ രീതിയിൽ പ്രവർത്തിച്ചതിലൂടെ ഇന്ന് നേട്ടം കൈവരിച്ചിരിക്കുന്നു.

ഇത് വായിക്കുന്ന സ്നേഹിതരെ, രസകരമായ ജീവിതം നയിക്കേണ്ടത് നിങ്ങളാണ്. രസകരമായ ജീവിതം ആസ്വദിക്കുവാൻ തയാറാകുവിൻ. നിങ്ങളുടെ കാൽചുവടുകൾ നിരവധി ആളുകൾ പിന്തുടരട്ടെ!



# കമ്പ്യൂട്ടറിലൂടെ വിജയം!

സഹോ. ഗോഡ് വിൻ

ക്രൈസ്തവ കുടുംബത്തിൽ ജനിച്ച്, ആത്മീയ ജീവിതത്തിൽ വളർന്നു, പഠനത്തിൽ വലിയ താൽപര്യമില്ലാതിരുന്നിട്ടും, കമ്പ്യൂട്ടറിൽ അതിയായ താൽപര്യമുണ്ടായിരുന്നതിനാൽ, ഇന്ന് ഒരു വലിയ സാങ്കേതിക സംരംഭകനായിമാറിയ സഹോ. ഗോഡ് വിൻ പിന്നിട്ട വഴികളെക്കുറിച്ച് അദ്ദേഹത്തോട് ചോദിക്കാമോ?

**ഗോഡ് വിൻ ഇന്ന് നിങ്ങൾ ജയാളിയായ ഒരു സംരംഭകനായിരിക്കുന്നു. നിങ്ങൾ സ്കൂളിൽ നന്നായി പഠിച്ചിരുന്നുവോ? അതോ കാലക്രമേണ നേടിയെടുത്തതാണോ?**

കുട്ടിക്കാലം മുതൽ ഞാൻ പഠിക്കുവാൻ വളരെ മോശമായിരുന്നു. 6 -ാം ക്ലാസ് മുതൽ 12 -ാം ക്ലാസ് വരെ തുടർച്ചയായി ഞാൻ തോൽവി നേരിട്ടിരുന്നു. വാർഷിക പരീക്ഷയിൽ മാത്രം എങ്ങനെയെങ്കിലും ഞാൻ വിജയിക്കും. ഏഴാം ക്ലാസിൽ 'Fail' എന്ന റിപ്പോർട്ട് എങ്ങനെ വീണ്ടും പാസായി എന്ന് ഇന്നും എനിക്കറിയില്ല. എങ്ങനെയോ ഞാൻ കടന്നുപോയി, എല്ലാ വർഷവും കർത്താവ് എന്നെ അത്ഭുതകരമായി വഴി നടത്തി. പഠനം എനിക്ക് ശരിയാകുകയില്ല. എന്നാൽ കമ്പ്യൂട്ടറിൽ എന്തെങ്കിലും നേടണമെന്ന ആഗ്രഹം എനിക്കേറെയുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ധാരാളം സമയം ഞാൻ കമ്പ്യൂട്ടറിൽ ചിലവഴിച്ചുകൊണ്ടിരുന്നു. ഇതുകാരണം 10 -ാം ക്ലാസിൽ പഠിക്കുമ്പോൾ എനിക്ക് കമ്പ്യൂട്ടർ നൽകാതെ, വീട്ടിൽ ഒളിച്ചുവച്ചു. അതുകൊണ്ട് പരീക്ഷ എന്ന് കഴിയുമോ, അന്നുതന്നെ ഒരു പുതിയ കമ്പ്യൂട്ടർ വാങ്ങണമെന്ന് തീരുമാനിച്ചു. പഠനം എനിക്ക് വളരെ ബുദ്ധിമുട്ടായിരുന്നു.



**പഠനത്തിൽ നിങ്ങൾ നേരിട്ട വെല്ലുവിളികളെക്കുറിച്ച് പറയാമോ?**



കുട്ടിക്കാലം മുതൽ, കണക്ക്, സയൻസ് വിഷയങ്ങൾ എനിക്ക് വളരെ പ്രയാസമായിരുന്നു. എത്ര പഠിച്ചിട്ടും, ട്യൂഷന് പോയിട്ടും വിജയം എന്നത് കഠിനമായിരുന്നു. ആ സമയങ്ങളിൽ, 'കർത്താവിനെ മുറുകെ പിടിക്കുക' എന്ന് അമ്മ പലപ്പോഴും പറഞ്ഞ വാക്കുകൾ എനിക്ക് ആശ്വാസം നൽകിയിരുന്നു. "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു" (ഫിലി. 4:13) എന്ന വചനം ഞാൻ മുറുകെ പിടിച്ചു.

**ശരി .... ദുഷ്കരമായ വിദ്യാഭ്യാസ പാതകൾ അമ്മയുടെ ഉപദേശത്താലും കർത്താവിന്റെ പിന്തുണയാലും എങ്ങനെയാണ് തരണം ചെയ്തത്?**

പത്താംക്ലാസിൽ പൊതുപരീക്ഷയായതുകൊണ്ട് രാവിലെ 6 മണിക്ക് തുടങ്ങുന്ന ട്യൂഷൻ രാത്രി 10 മണിവരെ ഉണ്ടാകും. എപ്പോഴും ഞാൻ തിരക്കിലായിരിക്കും. രാത്രി 10 മണിയ്ക്കാണ് വീട്ടിൽ വരുന്നത്. ഇതുകൂടാതെ പഠനത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്കൂളിൽ എല്ലാ ദിവസവും രാവിലെ മുതൽ വൈകുന്നേരം വരെ പ്രത്യേക ക്ലാസുകൾ ഉണ്ടാകും. സ്കൂളിൽ വച്ച് എല്ലാം പഠിച്ചു, എല്ലാം നന്നായി പഠിച്ചല്ലോ എന്ന് പറഞ്ഞ് പൊതുപരീക്ഷയ്ക്ക് പോയി ചോദ്യപേപ്പർ നോക്കിയപ്പോൾ, പഠിച്ചതൊന്നും എനിക്ക് ഓർമ്മയില്ല. എല്ലാം മറന്നുപോയിരുന്നു. എങ്ങനെയോ പരീക്ഷ എഴുതി പൂർത്തിയാക്കി സന്തോഷത്തോടെ ഇരുന്നു. റിസൽട്ട് വരുന്നതിന്റെ തലേദിവസം രാത്രി, "കർത്താവ് എന്നെ രക്ഷിക്കും, പരാജയപ്പെട്ടാൽ ഞാൻ എന്ത് ചെയ്യും?" എന്ന ഭയം ഉണ്ടായിരുന്നു. പരീക്ഷാ ഫലം പുറത്തുവന്നു. എങ്ങനെയോ ഞാൻ വിജയിച്ചു. അത്ഭുതകരമായി പത്താം ക്ലാസ് പൂർത്തിയാക്കുവാൻ കർത്താവ് എനിക്ക് കൃപ നൽകി. മാർക്ക് കുറവായിരുന്നെങ്കിലും ഞാൻ വളരെ സന്തുഷ്ടനായിരുന്നു.

**അത്ഭുതം... ശരി, എങ്ങനെയോ പത്താം ക്ലാസ് പൂർത്തിയാക്കി ... 12 -ാം ക്ലാസ് എങ്ങനെയാണ് പഠിച്ചത്?**

10 -ാം ക്ലാസ് എങ്ങനെ ട്യൂഷന് പോയി പഠിച്ചുവോ, അതുപോലെ 12 -ാം ക്ലാസിലും പഠിച്ചു. പരീക്ഷ എഴുതി കഴിഞ്ഞതിനുശേഷം, അവധിക്കാലം സന്തോഷത്തോടെ ചെലവഴിച്ചു. റിസൽട്ട് വരുന്നതിന് മുമ്പുള്ള രാത്രി എനിക്ക് ഉറങ്ങുവാനേ കഴിഞ്ഞിരുന്നില്ല. 'ജയിക്കുമോ ഇല്ലയോ?' 'എത്ര മാർക്ക് ലഭിക്കും!' എന്ന് ചിന്തിച്ച് ചിന്തിച്ച് എനിക്ക് ഉറങ്ങുവാൻ കഴിഞ്ഞില്ല. റിസൽട്ട് വന്ന ദിവസം ഇന്റർനെറ്റ് ഇല്ലാതിരുന്നതുകൊണ്ട് ഫലം കാണുവാൻ കഴിഞ്ഞില്ല. എന്റെ പ്രധാന അദ്ധ്യാപകന്റെ മകൻ എന്റെ കൂടെ പഠിച്ചിരുന്നതിനാൽ എന്റെ റിസൽട്ട് കണ്ടതിന് ശേഷം അവൻ എന്റെ വീട്ടിലേക്ക് വിളിച്ചു. എന്റെ അമ്മ ഫോണെടുത്തപ്പോൾ, Praise Jesus എന്നു പറഞ്ഞു. അപ്പോഴാണ് എനിക്ക് ജീവൻ ലഭിച്ചത്. Okay ഞാൻ വിജയിച്ചു എന്ന സന്തോഷം ഉണ്ടായി. 12 -ാം ക്ലാസ് പാസായി ഒരു വിധത്തിൽ കോളേജിൽ ചേർന്നു. എനിക്ക് കമ്പ്യൂട്ടറിനോട് വലിയ താൽപര്യം ഉള്ളതിനാൽ കോളേജിൽ B.E.Computer Engineering എടുത്ത് പഠിച്ചു, കോളേജിൽ കർത്താവ് എന്നെ പല മാറ്റങ്ങളിലൂടെ വഴി നടത്തി.





**സൂപ്പർ ... കോളേജിൽ പഠിക്കുമ്പോൾ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടായത്**

കോളേജിൽ മൂന്നാം വർഷം പഠിച്ചുകൊണ്ടിരുന്നപ്പോൾ അവധിക്ക് നാട്ടിൽ വന്ന സമയത്ത് എന്റെ അച്ഛന് അറിയാവുന്ന ഒരു ഡോക്ടറിന് software ഉണ്ടാക്കണമെന്ന് പറഞ്ഞു. ഞാൻ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുകയാണ്, കമ്പ്യൂട്ടർ അറിയാം, പക്ഷേ എങ്ങനെ സോഫ്റ്റ് വെയർ വികസിപ്പിക്കാനാകും എന്ന് അച്ഛനോട് ചോദിച്ചപ്പോൾ, "12 -ാം ക്ലാസിൽ പഠിക്കുമ്പോഴേ നിനക്ക് കമ്പ്യൂട്ടർ അറിയാമല്ലോ, അങ്ങനെയെങ്കിൽ നിനക്ക് ഇപ്പോൾ എന്താണ് അറിയാവുന്നത്? നിനക്ക് ഈ software വികസിപ്പിക്കുവാൻ കഴിയില്ലേ" എന്ന് ചോദിച്ചു. അച്ഛൻ അങ്ങനെ ചോദിച്ചതുകൊണ്ട്, ഞാൻ ആ ഡോക്ടറിൽ നിന്നും ഓർഡർ എടുത്ത് 2 മാസത്തിനുള്ളിൽ ചെയ്തുകൊടുക്കാം എന്നു പറഞ്ഞ് payment advance വാങ്ങുകയും ചെയ്തു. എങ്ങനെ software develop ചെയ്യുമെന്ന് എനിക്ക് അറിയില്ല.



എന്തൊക്കെയോ ചെയ്തു നോക്കി. ഒരു മാസം കഴിഞ്ഞിട്ടും ഒന്നും ചെയ്യുവാൻ സാധിച്ചില്ല. ഒരു ദിവസം ഞാൻ കമ്പ്യൂട്ടറിന്റെ മുന്നിലിരുന്ന് "യേശുവേ ഞാൻ എന്ത് ചെയ്യണം" എന്ന ഭീതിയോടെ, എനിക്കറിയാവുന്ന ITവിദ്യാഭ്യാസമുള്ള സ്നേഹിതരുണ്ടോ എന്ന് ചിന്തിച്ചപ്പോൾ ആരും ഉണ്ടായിരുന്നില്ല. അതിനുശേഷം ധാരാളം സമയം ഗൂഗിൾ സെർച്ച് ചെയ്തപ്പോൾ, ഞാൻ ചോദിച്ചതിനേക്കാളും കൂടുതൽ പ്രോഗ്രാം ചെയ്യുവാൻ കർത്താവ് എന്നെ സഹായിച്ചു. അദ്ദേഹം പ്രതീക്ഷിച്ചതിലും നന്നായി ചെയ്തതിനാൽ, അത് പൂർത്തിയാക്കിയതിനുശേഷം അദ്ദേഹത്തിന്റെ ഭാര്യയ്ക്കും ഒരു പ്രോഗ്രാം ചെയ്യാൻ ആവശ്യപ്പെട്ടു. അതും നന്നായി ചെയ്തു പൂർത്തിയാക്കുവാൻ കർത്താവ് എനിക്ക് കൃപ നൽകി. ഇതാണ് എന്റെ ആദ്യത്തെ Project.

**സൂപ്പർ... കോളേജിൽ പഠിക്കുമ്പോൾ തന്നെ software developer ആയിമാറി. അതിനുശേഷം പഠനം തുടർന്നുവോ? നിങ്ങളുടെ careerനെ കുറിച്ച് പറയാമോ?**



Computer Engineering പൂർത്തിയാക്കിയശേഷം ഓസ്ട്രേലിയയിൽ Sydneyയിലെ Macquarie University നിന്ന് Master in Information Technology പഠിക്കുവാൻ കർത്താവ് കൃപ നൽകി. അവിടെ പഠിക്കുന്ന കാലത്ത് ധാരാളം സാങ്കേതിക വിദ്യകൾ പഠിച്ച് IT മേഖലയിൽ മികവ് പുലർത്തുവാൻ കർത്താവ് വിവേകവും കൃപയും നൽകി. ഞാൻ ഓസ്ട്രേലിയയിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ, ഇന്ത്യയിൽ ഒരു ടീം രൂപീകരിച്ചു, അവർ സോഫ്റ്റ് വെയറിൽ ധാരാളം കാര്യങ്ങൾ ചെയ്തുകൊണ്ടിരുന്നു. ഞാൻ പഠനം പൂർത്തിയാക്കി ഇന്ത്യയിൽ വന്ന് ആ ടീമിനൊപ്പം ബിസിനസ്സ് ചെയ്തുകൊണ്ടിരുന്നു. ഒരു ദിവസം വീണ്ടും അച്ഛൻ എന്റെ അടുത്ത് വന്ന് Streaming software ഉണ്ടാക്കി കൊടുക്കുവാൻ പറഞ്ഞു. അതും ചെയ്തു പൂർത്തീകരിക്കുവാൻ കർത്താവ് എന്നെ സഹായിച്ചു. അവിടെ നിന്ന് ക്രമേണ നിരവധി innovative ആയ കാര്യങ്ങൾ ഉപഭോക്താക്കളുടെ ഇഷ്ടത്തിനനുസരിച്ച് ഞങ്ങൾ ചെയ്തുകൊടുത്തു. അങ്ങനെ business വളരുവാൻ തുടങ്ങി.

**കർത്താവിന് മഹത്വം! careerൽ കർത്താവ് നിങ്ങളെ അനുഗ്രഹിക്കുകയും ഉയർത്തുകയും ചെയ്തു. നിങ്ങളുടെ ദാമ്പത്യ ജീവിതം എങ്ങനെയായിരുന്നു?**

2010 മെയ് മാസം സുനിത എന്ന പ്രാർത്ഥനാശീലവുമുള്ള ഒരു ആത്മീയയായ ഭാര്യയെ കർത്താവ് എനിക്ക് നൽകി. എന്നാൽ 12 വർഷം ഞങ്ങൾ കുട്ടികൾക്കായി കാത്തിരുന്നു. ആ കാലം എന്റെ ജീവിതത്തിൽ ഏറ്റവും പ്രയാസമേറിയ സമയമായിരുന്നു എന്ന് പറയാം. ഞങ്ങൾ ഒരിക്കലും പ്രതീക്ഷിക്കാത്ത വിധത്തിൽ ഞങ്ങളുടെ വിശ്വാസം പരീക്ഷിക്കപ്പെട്ടു. സമൂഹത്തിന്റെ സമ്മർദ്ദങ്ങൾക്കും, ജീവിതത്തിലെ സംശയങ്ങൾക്കും അതീതമായി കർത്താവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കുക എന്നത് എളുപ്പമുള്ള കാര്യമല്ല. ആശയിൽ സന്തോഷിപ്പിൻ; കഷ്ടതയിൽ സഹിഷ്ണുത കാണിപ്പിൻ; പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ" (റോമർ 12:12) എന്ന വചനമാണ് ഞങ്ങളെ മുന്നോട്ട് നയിച്ചത്. സഭയും, കുടുംബവും, അടുത്ത സ്നേഹിതരും ഞങ്ങളെ പ്രോത്സാഹിപ്പിക്കുക മാത്രമല്ല, അവരുടെ പിന്തുണ ഞങ്ങൾക്ക് വളരെ സഹായകരമായിരുന്നു. കുഞ്ഞിനായി കാത്തിരുന്ന നാളുകൾ ഞങ്ങളുടെ വിശ്വാസം വളർത്തിയെടുക്കുകയും ഞങ്ങളെ പലതും പഠിപ്പിക്കുകയും ചെയ്തു. കർത്താവ് നൽകിയ വാഗ്ദത്തപ്രകാരം 12 വർഷത്തിനുശേഷം 2023 ജനുവരി 17ാം തീയതി സ്റ്റീവൻ നോഹ ജോൺ എന്ന ഒരു ആൺകുഞ്ഞിനെ നൽകി ഞങ്ങളുടെ നിന്ദയെ മാറ്റി.



**ഹല്ലേലൂയാ! നിങ്ങളുടെ ജീവിതത്തിൽ കർത്താവ് ചെയ്ത കാര്യങ്ങൾ കാണുമ്പോൾ വളരെ അത്ഭുതമായിരിക്കുന്നു. ശരി, ഇപ്പോൾ നിങ്ങൾ എന്താണ് ചെയ്യുന്നത്?**

2016 ൽ സ്വന്തമായി ഒരു **software developing** കമ്പനി **(Altrosyn Technologies Private Limited - US based)** ആരംഭിക്കുവാൻ കർത്താവ് സഹായിച്ചു. ഇതിൽ 25 ലധികം പരിശീലനം ലഭിച്ച ഡെവലപ്പർമാരുമായി ഞങ്ങൾ പുതിയ സാങ്കേതിക സോഫ്റ്റ് വെയറുകൾ വികസിപ്പിച്ചുവരുന്നു. 2000 -ത്തിലധികം പ്രോജക്ടുകൾ ചെയ്തുകൊടുക്കുവാൻ കർത്താവ് സഹായിച്ചു. അതുകൂടാതെ, **CD TECH INNOVATIONS PRIVATE LIMITED** എന്ന മറ്റൊരു **Indian based IT**കമ്പനിയും കർത്താവ് നൽകി, അതിൽ 25 പേർ ജോലിചെയ്തു വരുന്നു...

**യൗവനക്കാരോട് എന്താണ് പറയുവാൻ ആഗ്രഹിക്കുന്നത്?**

പഠനത്തിൽ തുടർച്ചയായി പരാജയങ്ങൾ മാത്രം നേരിട്ട്, ഒന്നിനും കൊള്ളാതിരുന്ന എന്നെ കർത്താവ് തന്റെ അനന്തമായ ജ്ഞാനത്താൽ നിറച്ച് ഒരു **Tech Scientist** ആക്കി മാറ്റി, ചിന്തിക്കുവാൻ കഴിയാത്ത കാര്യങ്ങൾ എന്നിലൂടെ ചെയ്തുവരുന്നു. യൗവനക്കാരായ നിങ്ങൾ എത്ര കഠിനമായ പാതയിലൂടെയാണ് കടന്നുപോകുന്നതെങ്കിലും, വിശ്വാസത്തിൽ ഉറച്ചുനിൽക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുവിൻ. കണ്ണുനീരോടെ വിതയ്ക്കുന്നവൻ ആർപ്പോടെ കൊയ്യും. നിങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള കർത്താവിന്റെ പദ്ധതിയിൽ വിശ്വസിക്കുവിൻ. കർത്താവിന്റെ വാഗ്ദത്തം തീർച്ചയായും നിറവേറും. എന്തൊക്കെ അപമാനങ്ങളും, നിന്ദയും, പോരാട്ടങ്ങളും ഉണ്ടായാലും, നിങ്ങൾ കർത്താവിൽ വസിക്കുമ്പോൾ കർത്താവ് സകലവും പൂർത്തീകരിച്ച് നൽകും.

**പ്രിയപ്പെട്ട യുവജനങ്ങളെ ഇന്ന് നിങ്ങളും സഹോ.ഗോഡ് വിനെപ്പോലെ പഠിക്കുവാൻ താൽപര്യമില്ലാതെ, എന്തെങ്കിലും നേടണം എന്ന ആഗ്രഹത്തോടെ ഇരിക്കുന്നുവോ? തീർച്ചയായും കർത്താവ് അത് സാധ്യമാക്കിത്തരും. അതിനായി നിങ്ങൾ കാത്തിരിക്കണം. വാഗ്ദാനത്തിൽ വിശ്വസിച്ച് പ്രാർത്ഥിക്കുവിൻ. തീർച്ചയായും നിങ്ങൾക്കും നേട്ടങ്ങൾ കൈവരിക്കുവാൻ കഴിയും!**

# തീക്ഷ്ണമായ പ്രണയം...

# കയ്പേറിയ വിവാഹം



Heart Beat

**ഞാൻ +2 പഠിക്കുന്നു. പ്രണയിക്കുന്നത് തെറ്റാണെന്നാണ് എല്ലാവരും പറയുന്നത്. Arranged Marriages പലപ്പോഴും Divorceൽ അവസാനിക്കുന്നു. അതുകൊണ്ട് Love Marriage നടത്താമല്ലോ. പ്രണയിക്കുമ്പോൾ നമ്മൾ പരസ്പരം മനസ്സിലാക്കുന്നതുകൊണ്ട്, Arranged Marriage നേക്കാൾ നല്ലത് Love Marriage ആണെന്ന് ഞാൻ കരുതുന്നു. അത് തെറ്റാണെന്ന് പറഞ്ഞ് എന്തിനാണ് നിങ്ങൾ ഞങ്ങളെ ഭിന്നിപ്പിക്കുന്നത് - കാർത്തിക, കൃഷ്ണഗിരി.**

പ്രിയ സഹോദരി കാർത്തിക, നിങ്ങളുടെ വാദം കേൾക്കുമ്പോൾ ശരിയാണെന്ന് തോന്നുമെങ്കിലും, ആഴമായി അന്വേഷിച്ചാൽ പല വസ്തുതകളും മനസ്സിലാകും. പല Arranged Marriagesഉം Divorceൽ അവസാനിക്കുന്നു എന്നത് സത്യമാണ്. അതേസമയം, മിക്ക Love Marriagesലും പ്രശ്നങ്ങളും പോരാട്ടങ്ങളും ആത്മഹത്യകളും നടക്കുന്നു എന്നത് നമുക്കറിയാവുന്ന ഒരു വസ്തുതയാണ്. കാരണം 6th, 7th പഠിക്കുമ്പോഴാണ് പലരുടെയും പ്രണയം തുടങ്ങുന്നത്. ആ പ്രായത്തിൽ ഉണ്ടാകുന്ന പ്രണയമോ ആഗ്രഹമോ അപ്പോഴുള്ള സന്തോഷത്തിന് വേണ്ടിയാണെന്ന് പറയാം.

കൂടാതെ 6th, 7th പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ ജീവിതപങ്കാളിയെ തിരഞ്ഞെടുക്കാനുള്ള പക്വതയോ, അന്വേഷിക്കുവാനുള്ള ക്ഷമയോ ഇല്ല. അതുകൊണ്ടാണ് അവർ Wrong Choice നടത്തുന്നത്. 60 വർഷമോ, 70 വർഷമോ ഒരുമിച്ച് ജീവിക്കേണ്ട ഒരു ബന്ധം തിരഞ്ഞെടുക്കാനുള്ള പക്വതയും വ്യക്തതയും ഇല്ലാത്തതിനാൽ, 3 മാസം അല്ലെങ്കിൽ 9 മാസത്തിൽ പ്രണയം കയ്പാകുന്നു. ബന്ധങ്ങൾ തകരുന്നു, പ്രണയം തണുക്കുന്നു, ദേഷ്യപ്പെടുന്നു, അലോസരവും ക്രോധവും കവിഞ്ഞൊഴുകുന്ന ദാമ്പത്യമായി കാണപ്പെടുന്നു.

+2 പഠിക്കുന്ന വിദ്യാർത്ഥിക്കോ അല്ലെങ്കിൽ +1 പഠിക്കുന്ന വിദ്യാർത്ഥിക്കോ വിവാഹത്തെക്കുറിച്ച് എന്തറിയാം. സിനിമയിലും മാധ്യമങ്ങളിലും കാണിക്കുന്നതുപോലെ, വിവാഹം എന്നത് പ്രണയവും പാട്ടും നൃത്തവും മാത്രമല്ല, അതിനുമപ്പുറം രണ്ട് മനസ്സുകളുടെ കൂടിച്ചേരലാണ്.

- ഒരാളുടെ ആഗ്രഹങ്ങൾ മറ്റൊരാൾ മനസ്സിലാക്കുന്നു
- യഥാർത്ഥ സ്നേഹം പ്രകടിപ്പിക്കുന്നു.
- മറ്റുള്ളവരുടെ അഭിപ്രായവും, മനോഭാവവും മാനിക്കുന്നു.
- മറ്റ് സ്ത്രീകളുടെയും / പുരുഷന്മാരുടെയും മുഖത്ത് നോക്കാതെ, ധാർമ്മികമായി ജീവിക്കുന്നു.
- മനസ്സിലും ശരീരത്തിലും വിശ്വസ്തത കാണിക്കുന്നു.
- ക്ഷമയോടെ പുതിയ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നു.



- ഒരാളുടെ ഭാരം ഒരാൾ ചുമക്കുന്നു
- പരസ്പരം വിട്ടുകൊടുക്കുന്നു.
- പരസ്പരം പോരായ്മകൾ സഹിക്കുന്നു, സഹായിക്കുന്നു, ജീവിതചക്രം പതുക്കെ ചലിപ്പിക്കുന്നു.

**ഇത്തരത്തിൽ ധാരാളം സവിശേഷതകളും ഗുണങ്ങളും നിറഞ്ഞതാണ് വിവാഹബന്ധം.**

## എന്നാൽ ഇക്കാലത്ത് D അല്ലെങ്കിൽ A culture പ്രചരിച്ചിരിക്കുന്നു! D - Divorce (വിവാഹമോചനം) A - Abandonment( ഉപേക്ഷിക്കൽ)



- ഞാൻ വിചാരിച്ചത് നടന്നില്ല, so divorce.
- ഞാൻ ആഗ്രഹിച്ചതുപോലെ അവൻ/ അവൾ അല്ല, so divorce.
- ഞാൻ പറയുന്നത് അവൻ/ അവൾ കേൾക്കുന്നില്ല, so divorce.
- എനിക്ക് ആത്മാഭിമാനമില്ല, so divorce.
- ഇപ്പോൾ എനിക്ക് നിന്നെ ഇഷ്ടമല്ല, so divorce.
- ഞാൻ സമ്പാദിക്കുന്നു, എന്റെ ആഗ്രഹപ്രകാരം എല്ലാം നടക്കണം, so divorce.
- എനിക്ക് നിന്നേക്കാൾ അവനെ / അവളെ ഇഷ്ടമാണ്. ഇഷ്ടമാണെങ്കിൽ തുടരാം! അല്ലെങ്കിൽ വീട് വിട്ട് പുറത്ത് പോകണം എന്നതാണ് ഇന്നത്തെ വിവാഹങ്ങളുടെ അവസ്ഥ.



## 2023 ൽ നടന്ന ഒരു യഥാർത്ഥ സംഭവം:

ഒരു സഹോദരി +1 പഠിക്കുമ്പോൾ പ്രണയത്തിലായി, പഠനം അവസാനിപ്പിച്ച്, മാതാപിതാക്കളെ എതിർത്ത് വിവാഹം കഴിച്ചു, ഇപ്പോൾ ഒരു കൈക്കുഞ്ഞുമായി ഉപേക്ഷിക്കപ്പെട്ട അവസ്ഥയിൽ സഹായത്തിനായി നിലകൊള്ളുന്നു. പ്രണയിച്ച് വിവാഹം കഴിച്ച കാമുകൻ മറ്റൊരു സ്ത്രീയെ ഇഷ്ടപ്പെട്ട് അവളോടൊപ്പം പോയി. ഇപ്പോൾ കാമുകനുമില്ല, പ്രണയവുമില്ല, കുടുംബത്തിൽ നിന്നും ഉപേക്ഷിക്കപ്പെട്ട്, ഒരു കൊച്ചുകുഞ്ഞുമായി നടുറോഡിൽ ......

പഠിക്കുന്ന പ്രായത്തിൽ യൗവനക്കാർക്ക് പ്രധാനം സൗന്ദര്യവും, ഭാവവും, സുഖപ്രദമായ ജീവിതവും ആയതുകൊണ്ട്, വിവാഹത്തിന് ശേഷം കുടുംബജീവിതത്തിന് ആവശ്യമായ താഴ്മ, ചാരിത്ര്യം, സ്നേഹം, വിട്ടുവീഴ്ച, ക്ഷമ തുടങ്ങിയ ആന്തരിക സൗന്ദര്യത്തിന് പ്രാധാന്യം നൽകുവാൻ അവർ മറക്കുന്നു. അതുകൊണ്ട് ഇത്തരത്തിൽ വിവാഹമോചന സംഭവങ്ങൾ നടക്കുന്നു.

വിവാഹപ്രായമാകുമ്പോഴാണ് ശരിയായ ധാരണയും പക്വതയും ഉണ്ടാകുന്നത്. അതുകൊണ്ട് വിവാഹത്തിന് ശേഷമുള്ള ജീവിതത്തെക്കുറിച്ച് ദമ്പതികൾ മനസ്സിലാക്കുകയും വിവാഹബന്ധത്തിന് ആവശ്യമായ അച്ചടക്കം, ചാരിത്ര്യം, നല്ല പെരുമാറ്റം, സ്നേഹം, ക്ഷമ, കീഴടങ്ങൽ, ഉത്തരവാദിത്തം എന്നിവ ശീലിക്കുകയും ചെയ്യുമ്പോൾ ഏതൊരു ദാമ്പത്യവും ആരോഗ്യകരമാകും.

പഠനകാലത്ത് പഠനത്തിൽ പൂർണ ശ്രദ്ധ കേന്ദ്രീകരിച്ചാൽ മാത്രമേ പഠനത്തിൽ വിജയിക്കാനാകൂ. അല്ലാത്തപക്ഷം, ചിന്തകൾ വഴിതിരിഞ്ഞ്, ജീവിതം എന്ന പാളം തെറ്റുകയും തെരുവിൽ വെറുംകൈയോടെ നിൽക്കേണ്ടിവരുകയും ചെയ്യും. +2, കോളേജ്, ഉന്നത വിദ്യാഭ്യാസം എല്ലാം പഠിക്കുന്ന പ്രായമാണ്. ശ്രദ്ധ വ്യതിചലിക്കാതെ പൂർണ്ണ ശ്രദ്ധയോടെ പഠിക്കുവാൻ ശ്രമിക്കുക. നിങ്ങൾ പഠിച്ച് മികച്ച വിജയം കൈവരിക്കുമ്പോൾ മാത്രമേ നിങ്ങളുടെ പങ്കാളിപോലും നിങ്ങളെ ബഹുമാനിക്കുകയുള്ളൂ. നിങ്ങൾ ഒരു സാമർത്ഥ്യമുള്ള സഹോദരി ആയിരിക്കണം. വീണുപോയ സഹോദരി ആയിരിക്കരുത്.

**പലപ്പോഴും നമ്മുടെ കണ്ണുകളും ഹൃദയവും സന്തോഷിപ്പിക്കുന്നത് മികച്ച കാര്യങ്ങളല്ല. "ചിലപ്പോൾ ഒരു വഴി മനുഷ്യനു ചൊവ്വായി തോന്നും; അതിന്റെ അവസാനമോ മരണവഴികൾ അത്രേ" (സദൃ. 14:12) എന്ന് വചനം പറയുന്നു. അതുകൊണ്ട് നിങ്ങളുടെ ചിന്തകൾക്കും പ്രവർത്തനങ്ങൾക്കും കഴിവുകൾക്കുമെല്ലാം പഠിക്കുന്ന സമയത്ത്, എല്ലാത്തിലും വിജയിക്കുവാനുള്ള അവസരമുണ്ട്, അതുകൊണ്ട് ചിന്തിച്ച് പ്രവർത്തിക്കുവിൻ!**



# ദാഹിക്കുന്നു!

**ഒരു മനുഷ്യന്റെ നിലനിൽപ്പിന് ഭക്ഷണം പോലെ തന്നെ വെള്ളവും പ്രധാനമാണ്. മനുഷ്യശരീരത്തിന്റെ 60 ശതമാനവും വെള്ളമാണ്. ശരീരത്തിൽ ഈ അളവ് കുറയുമ്പോഴാണ് ദാഹം ഉണ്ടാകുന്നത്. ജലം ശരീരത്തിന്റെ ദാഹം ശമിപ്പിക്കുന്നതുപോലെ, ആത്മാവിന്റെ ദാഹം ശമിപ്പിക്കുവാൻ ജീവജലമായ യേശുവിന് മാത്രമേ കഴിയൂ. അതുകൊണ്ട് "ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ" ( യോഹ. 7:37) എന്ന് യേശു പറയുന്നു. യേശുവിനോട് വാഞ്ഛയുള്ളവരിലേക്ക് ജീവജല നദി ഒഴുകും. അവൻ പോകുന്നിടത്തെല്ലാം ഐശ്വര്യമുണ്ടാകും.**

എലീശായ്ക്ക് തന്റെ യജമാനനായ ഏലീയാവിന്റെ അഭിഷേകം ലഭിക്കുവാൻ അടങ്ങാത്ത വാഞ്ഛയുണ്ടായിരുന്നു. ഏലീയാവിന്റെ ശുശ്രൂഷാ നാളുകൾ അവസാനിച്ച് സ്വർഗത്തിലേക്ക് എടുക്കപ്പെടാറായപ്പോൾ, എങ്ങനെയെങ്കിലും തന്റെ യജമാനന്റെ അഭിഷേകം ലഭിക്കണമെന്ന പ്രതീക്ഷയിൽ ഏലീയാവ് പോകുന്നിടത്തെല്ലാം ഏലിയാവിനെ പിന്തുടരാൻ എലീശാ തീരുമാനിച്ചു. ഇതറിഞ്ഞ ഏലീയാവ് എലീശായെ പരീക്ഷിക്കുവാനായി പല തടസ്സങ്ങൾ സൃഷ്ടിച്ചു. എങ്കിലും എലീശാ ഏലീയാവിനെ അനുഗമിച്ചു. അവസാനം ഇരുവരും യോർദ്ദാന്റെ തീരത്ത് നിന്നു "അക്കരെ കടന്നശേഷം ഏലീയാവ് എലീശായോട്: ഞാൻ നിങ്കൽനിന്ന് എടുത്തു കൊള്ളപ്പെടുംമുമ്പേ ഞാൻ നിനക്ക് എന്തു ചെയ്തു തരേണം? ചോദിച്ചുകൊൾക എന്നു പറഞ്ഞു. അതിന് എലീശാ: നിന്റെ ആത്മാവിൽ ഇരട്ടി പങ്ക് എന്റെമേൽ വരുമാറാകട്ടെ എന്നു പറഞ്ഞു. അതിന് അവൻ: നീ പ്രയാസമുള്ള കാര്യമാകുന്നു ചോദിച്ചത്; ഞാൻ നിങ്കൽനിന്ന് എടുത്തുകൊള്ളപ്പെടുമ്പോൾ നീ എന്നെ കാണുന്നുവെങ്കിൽ നിനക്ക് അങ്ങനെ ഉണ്ടാകും; അല്ലെന്നു വരികിൽ ഉണ്ടാകയില്ല എന്നു പറഞ്ഞു" (2 രാജാ. 2:9,10).



ഏലീയാവും പ്രവാചകപുത്രന്മാരും അവനെ എത്ര പ്രാവശ്യം വിലക്കിയിട്ടും, അഭിഷേകത്തിനുവേണ്ടിയുള്ള എലീശായുടെ വാഞ്ഛയും ആഗ്രഹവും കുറഞ്ഞില്ല. അതിനാൽ അവൻ ഏലീയാവിനെ അനുഗമിച്ചു. ഏലീയാവ് ഒരു ചുഴലിക്കാറ്റിൽ സ്വർഗത്തിലേക്ക് എടുക്കപ്പെടുന്നതുവരെ പിന്തുടർന്നു, ഏലീയാവിനെ കാണുകയും അദ്ദേഹത്തിലുണ്ടായിരുന്ന അഭിഷേകത്തിന്റെ ഇരട്ടിപങ്ക് പ്രാപിക്കുകയും ചെയ്തു. എലീശാ തടസ്സങ്ങൾ കണ്ട് തളർന്നുപോകാതെ കർത്താവിനായി തീക്ഷ്ണതയോടെ എഴുന്നേറ്റു, എന്തുകൊണ്ടെന്നാൽ എത്ര തടസ്സങ്ങൾ നേരിട്ടിട്ടും സുവിശേഷത്തിനായുള്ള അടങ്ങാത്ത ദാഹം അവനുണ്ടായിരുന്നു. വളരെക്കാലമായി നിങ്ങളും കർത്താവിൽ നിന്ന് അഭിഷേകവും അനുഗ്രഹവും ലഭിക്കുവാൻ കാത്തിരിക്കുകയാണെങ്കിൽ, നിരാശപ്പെടരുത്. എലീശായെപ്പോലെ ദാഹത്തോടെ കർത്താവിനോട് ചോദിക്കുവിൻ, പ്രാപിച്ചു

കൊള്ളുവിൻ.  ദാഹമുള്ളവർക്ക് ജീവജലം ഒഴുകും എന്ന് പറഞ്ഞവൻ, പറഞ്ഞതുപോലെ നിങ്ങളുടെമേൽ തന്റെ ആത്മാവും അഭിഷേകവും പകർന്ന് നിങ്ങളെ ഉപയോഗിക്കും.

ജർമ്മനിയിൽ ജനിച്ച് വളർന്ന റെയ്ൻഹാർഡ് ബോങ്കെയ്ക്ക്  ആഫ്രിക്കയിൽ ശുശ്രൂഷ ചെയ്യണം എന്ന അടങ്ങാത്ത ദാഹവും  ചെയ്യാനുള്ള ആഗ്രഹവും ഉണ്ടായിരുന്നു.  1967ൽ ആഫ്രിക്കയിൽ തന്റെ ശുശ്രൂഷ ആരംഭിച്ച അദ്ദേഹത്തിന് തുടക്കത്തിൽ എതിർപ്പുകളും, പോരാട്ടങ്ങളും ഉണ്ടായി.   അതുനിമിത്തം തളർന്നുപോയ അദ്ദേഹത്തിന് കർത്താവ് ദർശനത്തിൽ രക്തം തളിക്കപ്പെട്ട ആഫ്രക്കയെ കാണിച്ചുകൊടുത്തു, ആഫ്രിക്ക സംരക്ഷിക്കപ്പെടും എന്ന് തന്റെ ശബ്ദം ഉയർത്തി.    അതിനുശേഷം സാഹചര്യങ്ങൾ നിമിത്തം തളർന്നുപോയ ബോങ്കിന്റെ ആത്മീയ ദാഹം വീണ്ടും ഉണരുവാൻ തുടങ്ങി, അദ്ദേഹം ആഫ്രിക്കയിലെ തന്റെ ശുശ്രൂഷ തീവ്രമാക്കാൻ തുടങ്ങി.  തുടക്കത്തിൽ ഏകദേശം 100 പേർ അദ്ദേഹത്തിന്റെ മീറ്റിംഗുകളിൽ പങ്കെടുത്തിരുന്നു,  ദിവസങ്ങൾ കടന്നുപോകുമ്പോൾ,  അദ്ദേഹത്തിന്റെ പ്രാർത്ഥനയും ആത്മീയ ദാഹവും നിമിത്തം ലക്ഷക്കണക്കിന് ആളുകൾ പങ്കെടുക്കുകയും,  വ്യക്തിപരമായി യേശുവിനെ  രക്ഷകനായി സ്വീകരിക്കുകയും ചെയ്തു.  അദ്ദേഹത്തിലൂടെ ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ വലിയ ചലനം ഉണ്ടായി.  ഏകദേശം 83 ദശലക്ഷം ആളുകളെ അദ്ദേഹത്തിലൂടെ കർത്താവ് സന്ദർശിച്ചു.

ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ ശുശ്രൂഷ ചെയ്യണമെന്ന് ദാഹത്തോടെ ഇരുന്ന റെയ്ൻഹാർഡ് ബോങ്കെയെ കർത്താവ് തന്റെ ആത്മാവിനെയും അഭിഷേകത്തെയും അളവില്ലാതെ പകർന്ന്  അദ്ദേഹത്തെ ഉപയോഗിച്ചതുപോലെ, കർത്താവ് നിങ്ങളെയും ഉപയോഗിക്കും.  അതിനായി നിങ്ങൾ ചെയ്യേണ്ടത് ഒന്നേയുള്ളൂ.  ആത്മാക്കളെക്കുറിച്ചുള്ള ദാഹം എനിക്ക് തരേണമെന്ന് ആത്മാർത്ഥമായി അപേക്ഷിക്കുവിൻ, അപ്പോൾ ആത്മാക്കളെ നേടുവാനുള്ള  വരം നിങ്ങൾക്ക് ലഭിക്കും.







നശിച്ചുകൊണ്ടിരിക്കുന്ന ആത്മാക്കൾക്ക് നിത്യജീവൻ ലഭിക്കണമെന്ന് യേശുക്രിസ്തുവിന്  ദാഹം ഉണ്ടായിരുന്നു.  യേശുവും ശമര്യസ്ത്രീയും തമ്മിലുള്ള സംഭാഷണം ധ്യാനിക്കുമ്പോൾ, യേശുവിന്റെ ഉള്ളിലുണ്ടായിരുന്ന ആത്മീയ ദാഹം നമുക്ക് മനസ്സിലാക്കുവാൻ കഴിയും. യേശു ശമര്യസ്ത്രീയുടെ ദാഹം മനസ്സിലാക്കി അവളോട്: "ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരുനാളും ദാഹിക്കയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവായിത്തീരും" (യോഹ.4:14) എന്ന് പറഞ്ഞു.  യേശു ശമര്യസ്ത്രീയുടെ ദാഹം ശമിപ്പിക്കുകയും, അവളിലൂടെ ശമര്യ നഗരത്തിൽ അനേകം ആത്മാക്കളെ കണ്ടുമുട്ടുകയും, അവരുടെ ദാഹം ശമിപ്പിക്കുകയും ചെയ്തു.

**എന്റെ പ്രിയപ്പെട്ട യൗവനക്കാരെ, കർത്താവായ യേശുക്രിസ്തു  ലോകത്തിലെ എല്ലാ ആത്മാക്കളുടെയും ദാഹം ശമിപ്പിക്കുന്ന ജീവജലമായി നിങ്ങളിൽ ഇരിക്കുന്നു.  "എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും" (യോഹ. 7:38),  ശമര്യസ്ത്രീയെപ്പോലെ നിങ്ങളും നിങ്ങൾക്ക് ചുറ്റുമുള്ള ദാഹിക്കുന്നവരുടെ അടുത്തേക്ക് പോയി അവരുടെ ദാഹം ശമിപ്പിക്കുവാൻ പാത്രങ്ങളായി  പ്രവർത്തിക്കുവാൻ തുടങ്ങുവിൻ.  യേശു നിങ്ങളിലൂടെ സമൃദ്ധമായ വിളവ് കൊണ്ടുവരും.**






# സ്തുതിക്കുവിൻ... ഉയർച്ച പ്രാപിക്കുവിൻ!

"അങ്ങനെ രാജാവിന്റെ കല്പനയാൽ അവർ ദാനീയേലിനെ കൊണ്ടുവന്നു സിംഹങ്ങളുടെ ഗുഹയിൽ ഇട്ടുകളഞ്ഞു; രാജാവ് ദാനീയേലിനോടു സംസാരിച്ചു: നീ ഇടവിടാതെ സേവിച്ചു വരുന്ന നിന്റെ ദൈവം നിന്നെ രക്ഷിക്കും" ( ദാനീ. 6:16)



ദാനീയേലിനെ അന്യദേശത്ത് നിന്ന് അടിമയായി ബാബിലോൺ ദേശത്തേക്ക് കൊണ്ടുവരപ്പെട്ടു. കർത്താവ് അടിമയെ കൊട്ടാരത്തിലെ ഉദ്യോഗസ്ഥനായി ഉയർത്തി. അന്യ ദേശത്ത് നിന്ന് വന്ന് നമ്മുടെ ദേശത്ത് ഉന്നതസ്ഥാനം വഹിച്ച ദാനീയേലിനോട് അധികാരികൾ അസൂയപ്പെടുകയും അവനെ നശിപ്പിക്കുവാൻ ആഗ്രഹിക്കുകയും ചെയ്തു. ദാനീയേലിനെതിരെ എന്തെങ്കിലും കുറ്റം കണ്ടെത്തി അതിൽ അവനെ കുടുക്കുവാൻ അവർ തക്കം പാർത്തിരുന്നു. എന്നാൽ ദാനീയേൽ വിശ്വസ്തനായതിനാൽ അവനിൽ ഒരു കുറ്റവും കണ്ടെത്താനായില്ല. അതുകൊണ്ട് 30 ദിവസത്തേക്ക് എല്ലാ ജനങ്ങളും രാജാവിനോടല്ലാതെ മറ്റൊരു ദൈവത്തെയും ആരാധിക്കുകയോ പ്രാർത്ഥിക്കുകയോ ചെയ്യരുതെന്നും, അങ്ങനെ ചെയ്താൽ അവരെ സിംഹങ്ങളുടെ ഗുഹയിൽ എറിയണമെന്നും അവർ രാജാവിനെ കബളിപ്പിച്ച് ഒരു നിയമം പുറപ്പെടുവിച്ചു.

പുതിയ കല്പനയെക്കുറിച്ച് കേട്ടപ്പോൾ ദാനീയേൽ ദിവസവും ചെയ്തുവന്നതുപോലെ മൂന്നു പ്രാവശ്യം മുട്ടുകുത്തി പ്രാർത്ഥിച്ച് സ്തോത്രം ചെയ്തു. അവൻ പ്രാർത്ഥിക്കുന്നത് കണ്ട് അസൂയാലുക്കളായ ആ ഉദ്യോഗസ്ഥന്മാർ,



ദാര്യാവേശ് രാജാവിന്റെ അടുക്കൽ ഓടിച്ചെന്ന്, രാജാവ് എഴുതിച്ച വിരോധകല്പനയെ കൂട്ടാക്കാതെ, ദാനീയേൽ ദിവസം മൂന്നു പ്രാവശ്യം തന്റെ ദൈവത്തോട് പ്രാർത്ഥിക്കുന്നു എന്ന് ഉണർത്തിച്ചു. ദാര്യാവേശ് രാജാവിന് ദാനീയേലിനോട് വളരെ സ്നേഹമായിരുന്നതിനാൽ, അവനെ രക്ഷിക്കാൻ വൈകുന്നേരം വരെ പ്രയത്നം ചെയ്തു. രാജാവ് ഒരു നിയമത്തിൽ ഒപ്പുവച്ചാൽ, അദ്ദേഹത്തിനുപോലും അത് മാറ്റുവാൻ കഴിയില്ല. മറ്റൊരു വഴിയുമില്ലാതെ, ദാനീയേലിനെ സിംഹങ്ങളുടെ ഗുഹയിലേക്ക് ഇട്ടുകളയാൻ ഉത്തരവിട്ടു.

അന്ന് രാത്രി, ദാനീയേലിനെക്കുറിച്ച് ആലോചിച്ച് ദാര്യാവേശ് രാജാവിന് ഉറങ്ങുവാൻ കഴിഞ്ഞില്ല. രാവിലെ, അദ്ദേഹം ബദ്ധപ്പെട്ട് സിംഹത്തിന്റെ ഗുഹയിലേക്ക് പോയി, ജീവനുള്ള ദൈവത്തിന്റെ ദാസനായ ദാനീയേലേ, നീ ഇടവിടാതെ സേവിച്ചുവരുന്ന നിന്റെ ദൈവം സിംഹങ്ങളിൽനിന്നു നിന്നെ രക്ഷിപ്പാൻ പ്രാപ്തനായോ എന്നു ചോദിച്ചു. ഗുഹയിൽ നിന്ന് ഒരു ശബ്ദം കേട്ടു. രാജാവേ, സിംഹങ്ങൾ എനിക്കു കേടുവരുത്താതിരിക്കേണ്ടതിന് എന്റെ ദൈവം തന്റെ ദൂതനെ അയച്ച് അവയുടെ വായ് അടച്ചുകളഞ്ഞു. അവ എന്നെ ഒന്നും ചെയ്തില്ല എന്ന് ദാനീയേൽ ദാര്യാവേശിനോട് പറഞ്ഞു.



ദാര്യാവേശ് രാജാവ് അത്യന്തം സന്തോഷിച്ചു! ദാനീയേലിനെ ഗുഹയിൽനിന്നു കയറ്റുവാൻ കല്പിച്ചു. അവന്റെ ശരീരത്തിൽ ഒരു കേടുപാടും പറ്റിയില്ല. സിംഹങ്ങൾ ദാനീയേലിനെ ഉപദ്രവിച്ചില്ല, ആ അപകടത്തിൽ നിന്ന് ദാനീയേലിനെ കർത്താവ് കരകയറ്റി രക്ഷിച്ചു എന്ന ചരിത്രമാണ് ദാനീയേൽ ആറാം അദ്ധ്യായത്തിൽ എഴുതിയിരിക്കുന്നത്. ഈ ഭാഗം വായിക്കുമ്പോൾ, ദാനീയേൽ കർത്താവിനെ ഇടവിടാതെ ആരാധിക്കുകയും എപ്പോഴും സ്തുതിക്കുകയും നന്ദി പറയുകയും ചെയ്യുന്ന ഒരു വ്യക്തിയാണെന്ന് നമുക്ക് മനസ്സിലാക്കാം. (ദാനീയേൽ 6:10,20).

"ഞാൻ യഹോവയെ എല്ലാ കാലത്തും വാഴ്ത്തും; അവന്റെ സ്തുതി എപ്പോഴും എന്റെ നാവിന്മേൽ ഇരിക്കും" (സങ്കീ. 34:1). ഇതിൽ 2 കാര്യങ്ങളുണ്ട്. ഒന്ന്, കർത്താവിന് സ്തോത്രം ചെയ്യുക (വാഴ്ത്തുക), രണ്ടാമതായി, കർത്താവിനെ സ്തുതിക്കുക. ഈ രണ്ട് കാര്യങ്ങളും ദാനീയേൽ ചെയ്യുമായിരുന്നു. കർത്താവിനെ സ്തോത്രം ചെയ്യുക എന്നാൽ, നന്ദി പറയുക. നമുക്ക് ആരെങ്കിലും നന്മ ചെയ്താൽ അവരോട് നന്ദി പറയുന്നു. നാം ജീവനോടെ ഇരിക്കുന്നത് ദൈവത്തിന്റെ കൃപയാണ്. കർത്താവ് എന്നന്നേക്കും നമ്മെ ജീവനോടെ കാക്കുന്നു. നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി നൽകുന്നു. ഇങ്ങനെ നമുക്ക് നന്മ ചെയ്യുന്ന കർത്താവിന് നാമും നന്ദി പറയേണ്ടതുണ്ട്.

രണ്ടാമതായി, കർത്താവിന്റെ സ്തുതി എപ്പോഴും എന്റെ നാവിന്മേൽ ഉണ്ടാകണം. 'സ്തുതി' എന്നാൽ കർത്താവിന്റെ പേരുകളും, ശക്തികളും, അത്ഭുതങ്ങളും പറയുന്നതാണ്. അങ്ങ് നല്ലവൻ, വലിയവൻ, വിശുദ്ധൻ, അത്ഭുതങ്ങൾ ചെയ്യുന്നവൻ, എൽറോയി, എൽഷദായി, അങ്ങ് യഹോവാ യിരേ എന്നിങ്ങനെ കർത്താവിന്റെ നാമങ്ങൾ പറഞ്ഞ് സ്തുതിക്കണം. ഇവ രണ്ടും അനിവാര്യമാണ്.

ഇന്ന് കർത്താവ് നിങ്ങളെ നോക്കി , "എന്റെ മക്കളെ, എന്റെ ജനമേ, നിങ്ങൾ ദാനീയേലിനെപ്പോലെ ഇടവിടാതെ ആരാധിച്ചാൽ നിങ്ങൾ രക്ഷിക്കപ്പെടും. നിങ്ങൾ വിജയിക്കും. നിങ്ങൾ ഇടവിടാതെ ആരാധിക്കുന്നവരായിരിക്കണം. കർത്താവിനെ സ്തുതിക്കുന്നവരും സ്തോത്രം ചെയ്യുന്നവരും ആയിരിക്കണം. അപ്പോൾ ഈ അത്ഭുതങ്ങൾ നിങ്ങളുടെ ജീവിതത്തിലും സംഭവിക്കും" എന്ന് പറയുന്നു.

ലോകത്തിൽ വച്ച് ആദ്യത്തെ ഏറ്റവും ശ്രേഷ്ഠമേറിയതായ യെരുശലേം ദേവാലയം നിർമ്മിക്കപ്പെടുകയും, ദേവാലായം വിശുദ്ധീകരിക്കപ്പെടുകയും ചെയ്തപ്പോൾ, അവർ ഒരുമിച്ച് കാഹളം ഊതി, ഒരേ സ്വരത്തിൽ കർത്താവിനെ സ്തുതിക്കുകയും സ്തോത്രം ചെയ്യുകയും ചെയ്തു. അവർ ഒത്തൊരുമിച്ച് സ്തുതിഗീതങ്ങൾ ആലപിച്ചപ്പോൾ, യഹോവയുടെ ആലയമായ മന്ദിരത്തിൽ ഒരു മേഘം നിറഞ്ഞു. യഹോവയുടെ തേജസ്സ് ദൈവാലത്തിൽ നിറഞ്ഞിരുന്നു (2 ദിന. 5:13,14) എന്ന് വചനം പറയുന്നു. അപ്പോൾ, നാം ഒത്തൊരുമിച്ച് കർത്താവിനെ സ്തുതിക്കുമ്പോൾ, കർത്താവിന്റെ ആലയം കർത്താവിന്റെ തേജസ്സിനാൽ നിറയും.

അന്ന് കർത്താവിനെ സ്തുതിച്ച് പാടിയപ്പോൾ, ദൈവത്തിന്റെ തേജസ്സ് ദൈവാലയത്തിൽ നിറഞ്ഞു. ഇന്ന് ദൈവത്തിന്റെ ആലയമായ നാം ദൈവത്തിന്റെ തേജസ്സിനാൽ നിറയപ്പെടണമെങ്കിൽ, കർത്താവിനെ സ്തുതിച്ച് ആരാധിക്കണം. അപ്പോൾ നാം കർത്താവിന്റെ തേജസ്സിനാൽ നിറയുകയും അനേർക്ക് അനുഗ്രഹ പാത്രമായിത്തീരുകയും ചെയ്യും. നമ്മെ കാണുന്ന എല്ലാവർക്കും കർത്താവിന്റെ മഹത്വം അനുഭവിക്കുവാനും സാധിക്കും.



**പ്രിയപ്പെട്ട യൗവനക്കാരെ! ദാനീയേലിനെപ്പോലെ എല്ലായ്പ്പോഴും സ്തുതിക്കുന്ന യൗവനക്കാരായ നിങ്ങളെ ദൈവം കാത്തിരിക്കുന്നു. സിംഹത്തിന്റെ ഗുഹയിൽ ഇട്ടാലും സ്തുതിക്കുവിൻ! നിങ്ങൾ ആരാധിക്കുന്ന കർത്താവ് നിങ്ങളെ വിടുവിക്കുവാൻ ശക്തനാണ്.**

# വീരനാണ് തിമൊഥെയൊസ്

ഭാഗം - 6



Hello Friends, എല്ലാവരും സുഖമായിരിക്കുന്നുവോ? വീരനാണ് തിമൊഥെയൊസ് എന്ന പംക്തിയിലൂടെ നിങ്ങളെ കണ്ടുമുട്ടിയതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. എല്ലാ മാസവും ഈ പംക്തി നിങ്ങൾക്ക് ഉപയോഗപ്രദമാകുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു.
കഴിഞ്ഞ മാസം തിമൊഥെയൊസിന്റെ ആദ്യത്തെ നിയമനവും അവൻ എങ്ങനെ വിശ്വസ്തനായിരുന്ന് അത് നിറവേറ്റിയെന്നും നാം കണ്ടു. ഈ മാസം നമ്മൾ എന്താണ് കാണുവാൻ പോകുന്നത്? Any guess? ശരി വരുവിൻ പംക്തിയിലേക്ക് കടക്കാം.

പൗലൊസ് തന്റെ മൂന്നാമത്തെ മിഷനറി യാത്രയിൽ എഫെസൊസിൽ താമസിക്കുമ്പോൾ, കൊരിന്ത്യൻ സഭ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് കേൾക്കുവാനിടയായി. റോമിനും അലക്സാണ്ട്രിയയ്ക്കും ശേഷം റോമൻ സാമ്രാജ്യത്തിലെ മൂന്നാമത്തെ വലിയ നഗരമായിരുന്നു കൊരിന്ത്. കാമദേവിയുടെ ക്ഷേത്രം ഉള്ളതിനാൽ നഗരത്തിൽ ദേവദാസികളുടെ എണ്ണം കൂടുതലായിരുന്നു. കൊരിന്ത് നഗരത്തിൽ മാത്രമല്ല, കൊരിന്ത്യൻ സഭയിലും അധാർമികത നിലനിന്നിരുന്നു. വാക്കുതർക്കത്തിൽ സഭ പിരിഞ്ഞു. ഒന്നിനുപുറകെ ഒന്നായി സർക്കാർ കോടതികളിൽ കേസുകൾ വന്നു. പൗലൊസിന്റെ പ്രസംഗത്തിനെതിരെ പോലും എതിർപ്പുണ്ടായി. വിശ്വാസികളുടെ ആത്മീയ ജീവിതം കുറയുവാൻ തുടങ്ങി. വിഗ്രഹങ്ങൾക്ക് സമർപ്പിച്ച ഭക്ഷണം കഴിക്കലും ലോക കാര്യങ്ങളിലെ മോഹം, പരസംഗം, വ്യഭിചാരം പോലുള്ള പാപകരമായ കാര്യങ്ങൾ അവിടെ കണ്ടെത്തി.

ഈ കാര്യങ്ങൾ പരിഹരിക്കുവാൻ പൗലൊസ് തിമൊഥെയൊസിനെ അവിടേക്ക് അയച്ചു. "ഇതുനിമിത്തം കർത്താവിൽ വിശ്വസ്തനും എന്റെ പ്രിയമകനുമായ തിമൊഥെയൊസിനെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു. ഞാൻ എങ്ങും ഏതു സഭയിലും

## Major Problems in the Church at Corinth

- Division in the church
- A party spirit, exalting preachers
- Enamored by the wisdom of the world
- Carnality among the members
- Lack of growth
- Sexual immorality
- Lack of church discipline
- Tolerating sin in the church
- Going to law against a brother
- Marriage problems
- Confusion over marriage and divorce issues
- Eating meats offered to idols
- Sinning against weaker brethren
- Putting a stumbling block before brethren
- Lusting after evils things
- Murmuring against God
- The woman's covering and being holy
- Perversion of the Lord's Supper
- Irregularities and disorder in public worship
- Improper role of women in the church
- Contention over and abuses of spiritual gifts
- Creating confusion in the church
- Mistaken view of the resurrection
- Misunderstanding about the collection
- *There are some things that have not changed in the church!*

ഉപദേശിക്കുന്നതുപോലെ ക്രിസ്തുവിലുള്ള എന്റെ വഴികൾ അവൻ നിങ്ങളെ ഓർപ്പിക്കും" (1 കൊരി. 4:17). കൊരിന്ത്യൻ സഭയിലെ ചിലരും പൗലൊസിന്റെ പ്രബോധനത്തെ എതിർത്തിരുന്നു.

കുട്ടിക്കാലം മുതൽ ഭക്തിയോടെ വളർന്ന തിമൊഥെയൊസ്, കൊരിന്ത്യൻ സഭയുടെ നികൃഷ്ടമായ അവസ്ഥയിൽ ഞെട്ടിയിരിക്കണം. യൗവനക്കാരനായ തിമൊഥെയൊസിനെ സംബന്ധിച്ചിടത്തോളം ഇത് ഒരു വെല്ലുവിളി നിറഞ്ഞ ജോലിയായിരുന്നു. കാരണം, തന്നെക്കാൾ മുതിർന്നവരെയും സഭയിലെ മുതിർന്നവരെയും സന്ദർശിച്ച്, പൗലൊസ് തന്നോട് പറഞ്ഞ വാക്കുകൾ അവരോട് പറയണം. ഒരു വശത്ത് തിമൊഥെയൊസ് പറയുന്നത് അംഗീകരിക്കുന്ന ഒരു കൂട്ടം ഉണ്ടായിരുന്നാലും, മറുവശത്ത് ഇവൻ ഒരു ചെറിയ കുട്ടിയല്ലേ ഇവൻ പറയുന്നത് നാം കേൾക്കേണ്ടതുണ്ടോ എന്ന് പരിഹസിച്ച്, വിമർശിക്കുന്ന ഒരു കൂട്ടരും ഉണ്ടായിരിക്കും.

തിമൊഥെയൊസ് സ്വാഭാവികമായും ഭയമുള്ളവനായിരുന്നതിനാൽ, പൗലൊസ് 1 കൊരിന്ത്യർ 16:10 ൽ ( തിമൊഥെയൊസ് വന്നാൽ അവൻ നിങ്ങളുടെ ഇടയിൽ



നിർഭയനായിരിപ്പാൻ നോക്കുവിൻ; എന്നെപ്പോലെതന്നെ അവൻ കർത്താവിന്റെ വേല ചെയ്യുന്നുവല്ലോ) എന്ന് കൊരിന്ത്യരെ ഓർമ്മിപ്പിച്ചിരുന്നതായി എഴുതിയിരുന്നു.

പൗലൊസ് തന്നോടു പറഞ്ഞ പ്രകാരം തിമൊഥെയൊസ് കൊരിന്ത്യ സഭയിൽ പോയി, തന്നെ ഏൽപ്പിച്ച ദൗത്യം നിറവേറ്റി. എന്നാൽ അവിടെയുള്ളവർ പരസ്പരം വാദിക്കുന്നവരും അവരുടെ അകൃത്യങ്ങളെ ന്യായീകരിക്കുന്നവരും ആയിരുന്നതിനാൽ, തിമൊഥെയൊസ് അവരുടെ അവസ്ഥ കണ്ട് തളർന്നുപോയി. അവിടെ പ്രതീക്ഷിച്ചത്രയും വലിയ മാറ്റമുണ്ടാക്കുവാൻ അവന് കഴിഞ്ഞില്ല. അങ്ങനെ ക്ഷീണിതനായി, പരാജയ മനോഭാവത്തോടെ അവൻ പൗലൊസിന്റെ അടുക്കലേക്ക് മടങ്ങിവന്നു. എന്നാൽ പരാജയപ്പെട്ട തിമൊഥെയൊസിനെ പൗലൊസ് കൈവിട്ടില്ല. പൗലൊസ് അവനെ പ്രോത്സാഹിപ്പിക്കുകയും എരസ്തൊസിനോടുകൂടെ മക്കദോന്യയിലേക്ക് അയയ്ക്കുകയും ചെയ്തു .

സഭയുടെ മേൽനോട്ട ജോലികൾ ചെയ്തുകൊണ്ടിരുന്ന തിമൊഥെയൊസിന് ആദ്യമായി സുവിശേഷം പ്രസംഗിക്കുവാൻ അവസരം ലഭിച്ചു. ഇതുവരെ തിമൊഥെയൊസ് തന്റെ സംഘത്തോടൊപ്പം സുവിശേഷം പ്രസംഗിക്കുവാൻ പോയിട്ടുണ്ട്. എന്നാൽ ഇത് അദ്ദേഹത്തിന് ഒരു വ്യത്യസ്തമായ അനുഭവം ആയിരുന്നിരിക്കാം. കുറച്ച് ദിവസങ്ങൾക്ക് ശേഷം പൗലൊസ് മക്കദോന്യയിൽ അവരോടൊപ്പം ചേരുകയും സഹശുശ്രൂഷകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

കൊരിന്ത്യൻ സഭയുടെ പ്രശ്നത്തിൽ തളർന്ന് പരാജയപ്പെട്ട തിമൊഥെയൊസിനെ പ്രോത്സാഹിപ്പിക്കുന്നതിനായി കൊരിന്ത്യൻ സഭയ്ക്ക് എഴുതിയ രണ്ടാമത്തെ കത്തിൽ പൗലൊസ് തന്റെ പേരിനൊപ്പം തിമൊഥെയൊസിന്റെ പേരും ചേർത്തിരുന്നു. എല്ലാ അപ്പൊസ്തലന്മാരും തളർന്നുപോകുന്ന സഹശുശ്രൂഷകരെ പ്രോത്സാഹിപ്പിച്ചതുകൊണ്ടാണ് സഹശുശ്രൂഷകർ വലിയ ശുശ്രൂഷകരായി മാറി സഭകൾ വളർത്തുവാൻ കഴിഞ്ഞത്.

**തിമൊഥെയൊസ് തനിക്ക് നൽകപ്പെട്ട ആദ്യത്തെ ദൗത്യം കൃത്യമായി പൂർത്തിയാക്കിയതിനാലാണ് അദ്ദേഹത്തിന് മറ്റൊരു ദൗത്യം ലഭിച്ചത്. എന്നാൽ അത് വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. അതുപോലെ, കർത്താവ് നൽകുന്ന കാര്യങ്ങളിൽ നാം വിശ്വസ്തരായിരിക്കുമ്പോൾ, കർത്താവ് നമ്മെ വിശ്വസിച്ച് തുടർന്നുള്ള ജോലികളും നൽകുന്നു. അത് മുമ്പുള്ളതിൽ നിന്ന് ഒരു പടി മുകളിലായിരിക്കും. അതുകൊണ്ട് അത് വെല്ലുവിളി നിറഞ്ഞതായിരുന്നാലും, നമ്മെ തളർത്തുകയില്ല. ആ വെല്ലുവിളികളും പരീക്ഷണങ്ങളും നമ്മെ കൂടുതൽ ശക്തരാക്കുവാനാണ്. നിങ്ങൾ അത്തരമൊരു വെല്ലുവിളി നേരിടുന്നുണ്ടെങ്കിൽ, കർത്താവ് നിങ്ങളെ അടുത്ത ഘട്ടത്തിലേക്ക് പരിശീലിപ്പിക്കുന്നതിൽ സന്തോഷിക്കുവിൻ. നിങ്ങൾ ആത്മീയ ജീവിതത്തിൽ വളരുന്നതിന്റെ ഒരു അടയാളമാണിത്.**

അടുത്ത പംക്തിയിലൂടെ വീണ്ടും കാണാം.

**- വീരയുഗം തുടരും ...**




# ആശങ്ക



യൗവനക്കാരായ നമ്മൾ ഇന്ന് വളരെ മത്സരാധിഷ്ഠിതമായ ഒരു ലോകത്തിലാണ് ജീവിക്കുന്നത്. നാം അഭിമുഖീകരിക്കുന്ന ഓരോ ദിവസവും വെല്ലുവിളികൾ നിറഞ്ഞതാണെന്നത് സത്യമാണ്. നമ്മുടെ ഭയത്തിനനുസരിച്ച് നാം വ്യത്യസ്ത രീതികളിൽ വികാരങ്ങൾ പ്രകടിപ്പിക്കുന്നു. വ്യക്തമായി പറഞ്ഞാൽ, ഭയം - ഏകാന്തത - കോപം - വെറുപ്പ് - സമ്മർദ്ദം എന്നിങ്ങനെ നിരവധി നിഷേധാത്മക വികാരങ്ങൾ നിങ്ങൾ അനുഭവിക്കുന്നുവെങ്കിൽ, ഈ ഭാഗം നിങ്ങൾക്കുള്ളതാണ്.

**മുതിർന്നവർ ഏറ്റവും കൂടുതൽ വിഷമിക്കുന്ന കാലം മാറി, ഇന്ന് കൊച്ചുകുഞ്ഞുങ്ങളും യൗവനക്കാരും ഏറ്റവും കൂടുതൽ ആശങ്കയുള്ളവരായി മാറിയിരിക്കുന്നു.**



തങ്ങളുടെ ശാരീരിക സൗന്ദര്യത്തെക്കുറിച്ചുള്ള ആശങ്ക



മുടികൊഴിച്ചിൽ മൂലമുണ്ടാകുന്ന ആശങ്ക



വിവാഹപ്രായം കടക്കുമ്പോഴുള്ള ആശങ്ക




തന്റെ വിദ്യാഭ്യാസത്തിന് അനുയോജ്യമായ ജോലി ലഭിക്കുമോ എന്ന ആശങ്ക



കുടുംബപശ്ചാത്തലവും സാമ്പത്തികവും സംബന്ധിച്ചുള്ള ആശങ്ക.....

ഇതുപോല പല കാര്യങ്ങളിൽ വിഷമിക്കുന്ന യൗവനക്കാരിൽ ഒരാളാണോ നിങ്ങൾ? പ്രിയപ്പെട്ട യൗവനക്കാരെ! ആകാശത്തിൽ പറക്കുന്ന പക്ഷികളെ നോക്കുവിൻ; നമ്മളെ പോലെ തന്നെ ദിവസേനയുള്ള ആഹാരം, താമസിക്കുവാനുള്ള ഒരു കൂട് എന്നിങ്ങനെ പല ആവശ്യങ്ങളും അവയ്ക്കുണ്ടെങ്കിലും, ഏതെങ്കിലും പക്ഷികൾ, എന്തിനാണ് ഞാൻ ജനിച്ചത് എന്ന് പറഞ്ഞുകൊണ്ട് ആശങ്കയോടെ ഇരിക്കുന്നത് എപ്പോഴെങ്കിലും നിങ്ങൾ കണ്ടിട്ടുണ്ടോ? പക്ഷികൾ ഇങ്ങനെ ഒന്നിനെക്കുറിച്ചും ആകുലപ്പെടാതെ സന്തോഷത്തോടിരിക്കുമ്പോൾ, ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട നിങ്ങളുടെ അവസ്ഥ എന്താണ്?

## അമിതമായി ആശങ്കപ്പെടുന്നതുകൊണ്ട് ഉണ്ടാകുന്ന പരിണിതഫലങ്ങൾ

- മനസമാധാനം നഷ്ടപ്പെട്ട്, ഉത്കണ്ഠ ഉണ്ടാകുന്നു
- വിശപ്പില്ലായ്മയ്ക്കും ഉറക്കമില്ലാമയ്ക്കും കാരണമാകുന്നു.
- തലവേദന, വയറുവേദന, നെഞ്ചുവേദന തുടങ്ങിയ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു.
- ജോലിയിലും പഠനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുവാൻ കഴിയുന്നില്ല.
- അനാവശ്യമായ പ്രകോപനം ഉണ്ടാക്കുകയും സ്ട്രെസ് ഹോർമോണായ കോർട്ടിസോളിന്റെ അളവ് വർദ്ധിപ്പിക്കുകയും ചെയ്യുന്നു.
- അമിതമായി ഭക്ഷണം കഴിക്കുക, മദ്യപാനം അല്ലെങ്കിൽ ലഹരിമരുന്നിന്റെ ഉപയോഗം തുടങ്ങിയ അനാരോഗ്യകരമായ പെരുമാറ്റങ്ങളിലേക്ക് നയിക്കുന്നു.



### പലരും ഈ ഉത്കണ്ഠയുടെ കെണിയിൽ വീഴുന്നതിന്റെ പ്രധാന കാരണങ്ങൾ:

താൻ ചിന്തിക്കുന്നത് നടക്കാതെ വരുമ്പോൾ,

പ്രതീക്ഷിച്ച കാര്യം പ്രതീക്ഷിച്ച സമയത്തിനുള്ളിൽ നടക്കാതെ വരുമ്പോൾ

യേശുവിന്റെ കാലത്ത്, മാർത്ത, മറിയ എന്ന് പേരുള്ള രണ്ട് സഹോദരിമാർ ഉണ്ടായിരുന്നത് നിങ്ങൾക്ക് അറിയാമല്ലോ. (ലൂക്കോ. 10:38 - 41) അതിഥിയായി തന്റെ വീട്ടിൽ വന്ന യേശുവിനെ പരിചരിക്കുന്ന തിരക്കിലായിരുന്നു മാർത്ത.

എന്നാൽ, മറിയ കർത്താവിന്റെ കാൽക്കൽ ഇരുന്ന് വചനം കേട്ടുകൊണ്ടിരുന്നു. മറിയ തന്നെ സഹായിക്കാൻ വരാത്തതിനാൽ മാർത്ത യേശുവിനോട് തന്റെ ആശങ്ക പ്രകടിപ്പിച്ചതിനെക്കുറിച്ച് നിങ്ങൾക്ക് എന്ത് തോന്നുന്നു?

മാർത്തയുടെ ആശങ്ക നിങ്ങൾക്ക് ന്യായമായി തോന്നുന്നുവോ! ഈ രംഗം നിങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ, മാർത്ത യേശുവിനുവേണ്ടി ജോലി (ശുശ്രൂഷ) ചെയ്യുന്നു. എന്നാൽ മറിയയോ 'ഇത് എനിക്കും യേശുവിനുമുള്ള സമയം' എന്ന് വ്യക്തമാക്കിക്കൊണ്ട് ബന്ധത്തിന് ഊന്നൽ നൽകുന്നു. അതിനെയാണ് യേശു "മറിയ നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു" എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്.

### ആശങ്കയെ മറികടക്കുവാൻ വചനം പറയുന്ന ലളിതമായ പരിഹാരങ്ങൾ

ഒന്നിനെക്കുറിച്ചും അധികം ചിന്തിക്കരുത്! പ്രത്യേകിച്ച് പിറുപിറുക്കാതിരിക്കുവിൻ! (പ്രശ്നങ്ങൾ മാറും).

ആദ്യം നിങ്ങളെ വിഷമിപ്പിക്കുന്ന കാര്യങ്ങൾ കർത്താവിനെ അറിയിക്കുകയും അവയ്ക്ക് നന്ദി പറയുകയും ചെയ്യുവിൻ! ( ദൈവീക സമാധാനം നിങ്ങളുടെ ഹൃദയത്തിൽ നിറയും).

സ്തോത്രം ചെയ്തതിനുശേഷം, ആ കാര്യത്തെക്കുറിച്ച് കർത്താവിനോട് അപേക്ഷിക്കുവിൻ, കർത്താവ് എല്ലാം നോക്കിക്കൊള്ളും എന്ന് പൂർണ്ണമായി വിശ്വസിക്കുവിൻ! ( ഹൃദയത്തിലെ ഭാരം നീങ്ങും).

"ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്" (ഫിലി. 4:6).

ഇത് വായിക്കുന്ന പ്രിയപ്പെട്ട യൗവനക്കാരെ! നാം ജീവിക്കുന്ന ഈ താത്കാലിക ലോകത്തിൽ ദിനംപ്രതി നേരിടുന്ന പ്രശ്നങ്ങളും പോരാട്ടങ്ങളും പലപ്പോഴും നമ്മെ ഉത്കണ്ഠാകുലരാക്കുന്നു എന്നത് സത്യമാണ്. എന്നാൽ നാം ആശങ്കകളിൽ മുങ്ങിപ്പോകാതിരിക്കുവാൻ കർത്താവുമായുള്ള ബന്ധം അത്യന്താപേക്ഷിതമാണ്. "ഹൃദയം നുറുങ്ങിയവർക്കു യഹോവ സമീപസ്ഥൻ; മനസ്സ് തകർന്നവരെ അവൻ രക്ഷിക്കുന്നു" (സങ്കീ. 34:18) എന്ന് ദാവീദ് രാജാവ് പറയുന്നു. നാം കർത്താവിന്റെ വചനം മനസ്സിലാക്കുമ്പോൾ നമ്മുടെ ലൗകിക ആശങ്കകളെ അത് മഞ്ഞുപോലെ ഉരുക്കുകയും സന്തോഷവും സമാധാനവും നൽകുകയും ചെയ്യുന്നു. ദാവീദ് രാജാവിനെപ്പോലെ കർത്താവിന്റെ വചനങ്ങൾ വായിക്കുകയും, എല്ലാ കാര്യങ്ങളും കർത്താവിനെ അറിയിക്കുകയും ചെയ്യുന്നത് ഒരു ശീലമാക്കിയാൽ സങ്കടമോ, ആശങ്കയോ വിഷമമോ നിങ്ങൾക്ക് ഉണ്ടാകുകയില്ല.


## ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!

*യേശു വിടുവിക്കുന്നു*

**ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!**

| Trivandrum | Kochi | Kottayam |
| --- | --- | --- |
| TC-14/386, Panchapura Jn., Extra Police Road, Palayam, Trivandrum - 695 033. Kerala State. | Chandrasseri House, Madaplathuroth, Moothakunnam - 683 516, Kochi, Kerala State. | 2nd Floor, Aswathy Tower, Thekkumgopuram - 686 001, Kottayam, Kerala State. |
| Office Time 9:30 A.M. - 5:30 P.M. | Office Time 9:30 A.M. - 5:00 P.M. | Office Time 10:00 A.M. - 6:00 P.M. |
| Ph: 92497 18266, 0471-233 1392. | Mob: 94966 53183 | Mob: 94967 44001, 99463 00001. |



**ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!**

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.

# പ്രാർത്ഥനാ ഡയറി

## വിദ്യാഭ്യാസ വകുപ്പ്

ഇന്ത്യയിൽ 33 കോടി വിദ്യാർത്ഥികളാണ് പഠിക്കുന്നത്. 14.8 ലക്ഷം സ്കൂളുകളും, 43,796 കോളേജുകളും 1,133 സർവകലാശാലകളും, 95.07 ലക്ഷം അദ്ധ്യാപകരും, 15.15 ലക്ഷം പ്രൊഫസർമാരുമുണ്ട്. ഇന്ത്യയിൽ ഏകദേശം 25 കോടി ജനങ്ങൾക്ക് ഏകീകൃത വിദ്യാഭ്യാസ യോഗ്യതയില്ല എന്നത് ശ്രദ്ധേയമാണ്. 65 ലക്ഷം ബിരുദധാരികൾ പ്രതിവർഷം വിജയിക്കുന്നു. നിലവിൽ ശ്രീ. ധർമേന്ദ്ര പ്രധാനാണ് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി.

### പ്രാർത്ഥനാ വിഷയങ്ങൾ

- സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കർത്താവ് സംരക്ഷണം നൽകുവാനും, നല്ല ജ്ഞാനം നൽകുവാനും പ്രാർത്ഥിക്കുവിൻ.
- നമ്മുടെ രാജ്യത്തിലെ വിദ്യാർത്ഥികൾക്കിടയിൽ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അവബോധത്തിനായി പ്രാർത്ഥിക്കുവിൻ.
- അദ്ധ്യാപകർക്കും പ്രൊഫസർമാർക്കും നല്ല ജ്ഞാനം ഉണ്ടായിരിക്കുവാനും, അവർക്ക് നല്ല അദ്ധ്യാപന വൈദഗ്ധ്യം നൽകുവാനും പ്രാർത്ഥിക്കുവിൻ.
- സ്കൂൾ, കോളേജ് വിദ്യാർത്ഥികളെ അപകടങ്ങളിൽ നിന്ന് വിടുവിക്കുന്നതിനും, അവരുടെ മേൽ കർത്താവിന്റെ ആധിപത്യം ഉണ്ടാകുന്നതിനും വേണ്ടി പ്രാർത്ഥിക്കുവിൻ.



## ജുവനൈൽ കുറ്റകൃത്യങ്ങൾ

NCRB റിപ്പോർട്ട് പ്രകാരം ഓരോ വർഷവും ജുവനൈൽ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ 76% പേരും 16 നും 18 നുമിടയിൽ പ്രായമുള്ളവരാണ്. ലൈംഗിക സംബന്ധമായ POCSO കേസുകളിൽ പ്രായപൂർത്തിയാകാത്ത 1,885 പേർ അറസ്റ്റിലായിട്ടുണ്ട്.

### പ്രാർത്ഥനാ വിഷയങ്ങൾ

- ഇന്ത്യയിൽ വർദ്ധിച്ചുവരുന്ന ജുവനൈൽ കുറ്റകൃത്യങ്ങൾ അവസാനിക്കുവാനായി പ്രാർത്ഥിക്കുവിൻ.
- അറസ്റ്റിലായ പ്രായപൂർത്തിയാകാത്തവർക്ക് ശരിയായ കൗൺസിലിംഗ് നൽകി വിട്ടയക്കുവാൻ വേണ്ടി പ്രാർത്ഥിക്കുവിൻ.
- പ്രായപൂർത്തിയാകാത്തവർ മാനസാന്തരപ്പെടുവാനും അവരുടെ പിന്നിലെ ദുരാത്മാവിന്റെ പ്രവൃത്തികൾ നശിക്കുവാനും പ്രാർത്ഥിക്കുവിൻ.
- ഇന്ത്യയിലെ പ്രായപൂർത്തിയാകാത്തവരുടെ എല്ലാം രക്ഷയ്ക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.





# ജൂലൈ 2024

## മദ്യപാനം

ഇന്ത്യയിൽ 16 കോടിയിലധികം ആളുകൾ മദ്യത്തിന് അടിമകളാണ്. അതിൽ 7.5% സ്ത്രീകളാണ്. രാജ്യത്ത് ഏറ്റവും കൂടുതൽ മദ്യപ്രേമികളുള്ള സംസ്ഥാനങ്ങളിൽ ആന്ധ്രാപ്രദേശും തെലുങ്കാനയുമാണ് മുന്നിൽ. അരുണാചൽ പ്രദേശിൽ കൂടുതലും സ്ത്രീകൾ മദ്യം ഉപയോഗിക്കുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. 15 വയസ്സിന് മുകളിലുള്ള പെൺകുട്ടികളിൽ 24% പേർ മദ്യം കഴിക്കുന്നു രാജ്യത്ത് 1.5 കോടി സ്ത്രീകൾ മദ്യത്തിന് അടിമകളാണ്.

### പ്രാർത്ഥനാ വിഷയങ്ങൾ

- മദ്യത്തിന് അടിമകളായ 16 കോടിയിലധികം ജനങ്ങളുടെ വിടുതലിനായി പ്രാർത്ഥിക്കുവിൻ.
- സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന മദ്യത്തിന് അടിമകളായ വിദ്യാർത്ഥികളുടെ വിടുതലിനായി പ്രാർത്ഥിക്കുവിൻ.
- കുട്ടിക്കാലത്ത് ലഹരിവസ്തുക്കൾക്ക് അടിമകളാകതെ, വിദ്യാഭ്യാസം നഷ്ടപ്പെടാതെ, ഭാവി ദോഷകരമായി ബാധിക്കപ്പെടാതിരിക്കുവാൻ കർത്താവ് അവരെ സംരക്ഷിക്കുവാനായി പ്രാർത്ഥിക്കുവിൻ.
- മദ്യപിക്കുന്ന സ്ത്രീകളെ കർത്താവ് സന്ദർശിക്കുവാനും സ്ത്രീകൾ കർത്താവിനുവേണ്ടി എഴുന്നേറ്റ് സാക്ഷികളായി ജീവിക്കുവാനും പ്രാർത്ഥിക്കുവിൻ.



## സർക്കാർ ജോലിക്കായി കാത്തിരിക്കുന്നവർ

സർക്കാർ ജോലിക്കായി 53 ലക്ഷത്തി 74 ആയിരത്തി 116പേർ രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നു. 18 വയസ്സിന് താഴെയുള്ള 10 ലക്ഷത്തി 69 ആയിരത്തി 609 സ്കൂൾ വിദ്യാർത്ഥികൾ, 19 നും 30 നും ഇടയിൽ പ്രായമുള്ള 23 ലക്ഷത്തി 63 ആയിരത്തി 129 കോളേജ് വിദ്യാർത്ഥികൾ, 31 നും 45 നും ഇടയിൽ പ്രായമുള്ള 16 ലക്ഷത്തി 94,518 പേരും ഉണ്ടെന്നാണ് തമിഴ്നാട് സർക്കാർ പുറത്തുവിട്ട വിവരം.

### പ്രാർത്ഥനാ വിഷയങ്ങൾ

- ജോലി സാധ്യതകൾക്കായി കാത്തിരിക്കുന്നവർക്ക് കർത്താവ് നല്ല ജോലി നൽകുവാനായി പ്രാർത്ഥിക്കുവിൻ.
- തെറ്റായ തീരുമാനങ്ങൾ എടുക്കുന്നതിൽ നിന്ന് തൊഴിൽരഹിതരായ യുവാക്കളെ കർത്താവ് സംരക്ഷിക്കുന്നതിനായി പ്രാർത്ഥിക്കുവിൻ.
- വിദ്യാഭ്യാസത്തിന് അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സർക്കാർ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് വേണ്ടി പ്രാർത്ഥിക്കുവിൻ.
- തൊഴിലില്ലാത്ത ബിരുദധാരികളുടെ കുടുംബങ്ങളിലെ ദാരിദ്ര്യം മാറി, അനുഗ്രഹിക്കപ്പെടുവാനായി പ്രാർത്ഥിക്കുവിൻ.





# ട്രെയിൻ യാത്ര

## ഭാഗം - 4

ഓഫീസിലെ ആൻഡ്രൂവിന്റെ സെൽഫോൺ റിംഗ് ചെയ്തു.... എടുത്തുനോക്കിയപ്പോൾ വിഘ്നേഷ് .... പ്രധാനപ്പെട്ട ഒരു ടീം മീറ്റിംഗ് ആയിരുന്നതിനാൽ ആൻഡ്രൂവിന് വിക്കിയുടെ കോൾ സ്വീകരിക്കുവാൻ കഴിഞ്ഞില്ല .... വിക്കി തുടർച്ചയായി 2,3 തവണ വിളിച്ചുകൊണ്ടിരുന്നു...

**അടുത്ത ദിവസം രാവിലെ ബീച്ച് - താംബരം പോകുന്ന ട്രെയിനിൽ...**




**ആൻഡ്രൂ:** ഹേയ് വിഘ്നേഷ്, എന്തിനാണ് ഇന്നലെ പണതവണ വിളിച്ചത്?

**വിഘ്നേഷ്:** വെറുതെയാ ഡാ! പുറത്തേക്ക് എവിടേക്കെങ്കിലും പോകാനായിരുന്നു, ശരി ഫോൺ പോലും എടുക്കുവാൻ സാധിക്കാത്ത രീതിയിൽ പ്രധാന ജോലി എന്തായിരുന്നു?

**ആൻഡ്രൂ:** അതെ ഡാ! പ്രധാനപ്പെട്ട് മീറ്റിംഗ് ആയിരുന്നു .... ഇന്ത്യയിലെമ്പാടുനിന്നും കമ്പനി എക്സിക്യൂട്ടീവുകൾ വന്നിരുന്നു..... ലോകമെമ്പാടും നടക്കുന്ന യുദ്ധങ്ങൾ നിമിത്തം ഉണ്ടായ വലിയ സാമ്പത്തിക തകർച്ച ഞങ്ങളുടെ കമ്പനിയെയും ബാധിച്ചിട്ടുണ്ട്. അതിനെക്കുറിച്ചുള്ള ചർച്ചയായിരുന്നു...

**വിഘ്നേഷ്:** ഹും ...ഏത് വശത്തേക്ക് നോക്കിയാലും ഇത്തരം വാർത്തകൾ മാത്രമാണ്, ഇസ്രായേൽ - ഗാസ യുദ്ധം, റഷ്യ - ഉക്രൈൻ യുദ്ധം, ഈയിടയ്ക്ക് നടന്ന ഇസ്രായേൽ - ഇറാൻ യുദ്ധം ... ഇതെല്ലാം ലോക സമ്പദ് വ്യവസ്ഥയയും, കയറ്റുമതി - ഇറക്കുമതിയെയും വളരെയധികം ബാധിച്ചിരിക്കുന്നു അല്ലേ ആൻഡ്രൂ...






**ആൻഡ്രു:** ഇത് കൂടാതെ നിരവധി രാജ്യങ്ങൾ യുദ്ധത്തിന് തയാറെടുക്കുകയാണ്. മിഡിൽ ഈസ്റ്റ്, സൗത്ത് ഈസ്റ്റ് ഏഷ്യൻ രാജ്യങ്ങളിൽ 10 യുദ്ധങ്ങൾ നടക്കുന്ന സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. ചൈനയും യുഎസും തമ്മിൽ ശീതയുദ്ധം നടന്നുകൊണ്ടിരിക്കുകയാണ്.

**വിഘ്നേഷ്:** ഇതൊക്കെ കാണുമ്പോൾ മൂന്നാം ലോക മഹായുദ്ധം വരുമെന്ന് തോന്നുന്നു.... എന്തായിത്തീരുമോ? ഇത്തവണ പല രാജ്യങ്ങളിലും ആണവായുധങ്ങൾ ഉണ്ടെന്നാണ് റിപ്പോർട്ട് ലഭിക്കുന്നത് ...

**ആൻഡ്രു:** ആണവായുധങ്ങൾ ഉപയോഗിച്ചാൽ എത്രമാത്രം നാശനഷ്ടങ്ങൾ ഉണ്ടാകും, ചിന്തിക്കുമ്പോൾ തന്നെ ഭയമുണ്ടാകുന്നു....

**വിഘ്നേഷ്:** ഒരു യുദ്ധം ഉണ്ടായാൽ എത്ര ജീവൻ നഷ്ടമാകും, പട്ടിണി ഉണ്ടാകും, പട്ടിണി മരണം ഉണ്ടാകും .... എന്തുകൊണ്ടാണ് ആരും ഇതിനെപ്പറ്റി ചിന്തിക്കാത്തത്? .... ലോകം നാശത്തിലേക്ക് എത്തിയിരിക്കുന്നു...

**ആൻഡ്രു:** വിഘ്നേഷ് നിന്നോട് ഞാനൊരു സത്യം പറയാം, വേദപുസ്തകത്തിലെ മത്തായി 24 -ാം അദ്ധ്യായത്തിൽ അന്ത്യകാലത്ത് എന്താണ് സംഭവിക്കുവാൻ പോകുന്നതെന്ന് 2000 വർഷങ്ങൾക്ക് മുമ്പ് യേശു പറഞ്ഞിട്ടുണ്ട്.

**വിഘ്നേഷ്:** എന്താണ് പറഞ്ഞിരിക്കുന്നത്?

**ആൻഡ്രു:** അന്ത്യനാളുകളിൽ മനുഷ്യരുടെ സ്നേഹം തണുത്തുപോകുമെന്നും, യുദ്ധങ്ങളെയും യുദ്ധശ്രുതികളെയുംകുറിച്ച് കേൾക്കുമെന്നും പറഞ്ഞതിനുശേഷം, ഇതെല്ലാം സംഭവിച്ചാലും ഭാരപ്പെടാതെ ഉറച്ചുനിൽക്കണമെന്നാണ് യേശു പറഞ്ഞിരിക്കുന്നത്....

**വിഘ്നേഷ്:** നീ പറയുന്നത് പോലെയാണല്ലോ നടന്നുകൊണ്ടിരിക്കുന്നത്! (ആഴത്തിൽ ചിന്തിച്ചുകൊണ്ട്)

**ആൻഡ്രു:** യുദ്ധങ്ങൾ നടക്കും, അതിനെ കുറിച്ചുള്ള വാർത്തകൾ വരുമെന്ന് പ്രതീക്ഷിക്കുന്നു, എന്നാൽ അതേ സമയം, ഉണർന്നിരുന്ന് പ്രാർത്ഥിക്കണം എന്നാണ് യേശു പറഞ്ഞിരിക്കുന്നത്. ഇത് യേശുവിന്റെ രണ്ടാം വരവിന്റെ പ്രധാന അടയാളങ്ങളിൽ ഒന്നാണ്.

**വിഷ്നേഷ്:** നീ പറയുന്നതിൽ അൽപം വിശ്വസിക്കുവാനും, അല്പം അവിശ്വസനീയമായും ഇരിക്കുന്നു ....( വീണ്ടും ചിന്തിക്കുവാൻ തുടങ്ങി)

(ആൻഡ്രു ഇതുവരെയും യേശു എന്നു പറയുമ്പോൾ തന്നെ വിഷ്നേഷ് ചെവി അടക്കുമായിരുന്നു. എന്നാൽ ഇപ്പോൾ കേൾക്കുവാൻ തുടങ്ങിയിരിക്കുന്നു ... ദിവസവും പ്രാർത്ഥിക്കുന്ന പ്രാർത്ഥന workout ആയി എന്ന് മനസ്സിൽ കരുതി കർത്താവിന് നന്ദി പറഞ്ഞു.)



**ആൻഡ്രു:** നീ ലോകത്തിൽ നടക്കുന്ന കാര്യങ്ങളൊക്കെയും ചിന്തിച്ചു നോക്കൂ.... നിനക്കു തന്നെ മനസ്സിലാകും...

**വിഘ്നേഷ്:** ശരി! ശരി! നാളെ ശനിയാഴ്ച വൈകുന്നേരം 4 മണിക്ക് turf ground ൽ വരാൻ മറക്കരുത്... നമ്മുടെ കൂട്ടുകാരെല്ലാം വരാൻ പറഞ്ഞിട്ടുണ്ട്... എന്ന് പറഞ്ഞുകൊണ്ട് ട്രെയിനിൽ നിന്നും ഇറങ്ങിപ്പോയി...

**ആൻഡ്രു:** കൈ വീശിക്കൊണ്ട് അവൻ ശരി എന്ന് പറഞ്ഞു....

**അവരുടെ സംഭാഷണം തുടരും...**




**ദൈവഹിതമനുസരിച്ച് ജീവിതപങ്കാളിയെ കണ്ടെത്തുവാൻ ഓരോ ദൈവമക്കളും ശ്രമിക്കുമ്പോൾ ശത്രു വരുത്തുന്ന പ്രതിബന്ധങ്ങളെക്കുറിച്ചാണ് കഴിഞ്ഞ മാസം മുതൽ നാം ധ്യാനിക്കുന്നത്. ഈ മാസം നാം സ്വന്ത ഇഷ്ടം എന്ന വിഷയം ധ്യാനിക്കുവാൻ പോകുന്നു. ഓരോ വ്യക്തിക്കും തന്റെ ജീവിതത്തെക്കുറിച്ച് സ്വന്തം ഇഷ്ടങ്ങളുണ്ട്. അതനുസരിച്ച് അവരുടെ പഠനം, ജോലി, ജീവിതശൈലി തുടങ്ങിയ കാര്യങ്ങൾ അവർ ക്രമീകരിക്കും. ജീവിതപങ്കാളിയെ സംബന്ധിച്ച് എല്ലാവർക്കും പല ഇഷ്ടാനിഷ്ടങ്ങളുണ്ടാകും. ഇഷ്ടപ്പെടുന്നതിൽ തെറ്റില്ല. എന്നാൽ നമ്മുടെ ഇഷ്ടത്തിനനുസരിച്ച് പ്രവർത്തിച്ചില്ലെങ്കിൽ നമുക്ക് ജീവിക്കുവാൻ കഴിയില്ല എന്ന് കരുതരുത്.**

ഒരു പെൺകുട്ടിയ്ക്ക് അദ്ധ്യാപകനായി ജോലി ചെയ്യുന്ന ഒരു വ്യക്തിയുമായി വിവാഹം നിശ്ചയിച്ചു. എന്നാൽ പെട്ടെന്ന് എവിടെനിന്നോ ഒരു സമ്പന്ന കുടുംബം വന്ന് ഈ പെൺകുട്ടിയെ തങ്ങളുടെ മരുമകളാക്കണമെന്ന് പറഞ്ഞു. വധുവിന്റെ മാതാപിതാക്കൾക്കോ സാധാരണ കുടുംബത്തിലെ അദ്ധ്യാപകനായി ജോലി ചെയ്യുന്ന വരനെ മതി, അറിയാവുന്ന കുടുംബം, സ്ഥിരമായി ആലയത്തിൽ പോകുന്ന ഭക്തിയുള്ള കുടുംബം, എത്ര സമ്പാദിച്ചാലും സ്വസ്ഥതയോടെ ജീവിക്കാം എന്നൊക്കെ പല പ്രാവശ്യം പറഞ്ഞിട്ടും പെൺകുട്ടി കേട്ടില്ല.

സമ്പന്നന്റെ വീട്ടിൽ, ഉയർന്ന നിലവാരമുള്ള കാറുണ്ടെന്നും, ഭർത്താവ് ഇടയ്ക്കിടെ വിദേശയാത്രകൾ നടത്തുന്ന ജോലി ചെയ്യുന്നതിനാൽ തനിക്കും വിദേശത്തേക്ക് പോകണമെന്ന ആഗ്രഹം ഉണ്ടെന്നും പറഞ്ഞ് അവൾ അദ്ധ്യാപകനായ വരനെ നിരസിച്ചു. എന്ത് ചെയ്യണമെന്നറിയാതെ രക്ഷിതാക്കൾ 'നിന്റെ ഇഷ്ടപ്രകാരം ചെയ്യൂ'എന്ന് അവളോട് പറഞ്ഞു. വളരെ ആഡംബരമായി വിവാഹം നടന്നു. വിവാഹം കഴിഞ്ഞ് കുറച്ച് ദിവസങ്ങൾ ആഡംബര കാറിൽ യാത്ര ചെയ്തു എന്നതും സത്യമാണ്. ഒരു പ്രാവശ്യം വിദേശത്ത് പോയതും സത്യമാണ്. എന്നാൽ കുറച്ച് ദിവസങ്ങൾക്ക് ശേഷമാണ്, ഭർത്താവിന്റെ മദ്യപാനവും കോപവും ഈ സ്ത്രീ തിരിച്ചറിഞ്ഞത്. സമ്പത്തും ജോലി ചെയ്യാൻ ധാരാളം ജോലിക്കാരും ഉണ്ടായിരുന്നിട്ടും ജീവിതത്തിൽ സന്തോഷവുമില്ല, മനസ്സിന് സമാധാനവുമില്ല. എപ്പോഴും മദ്യപിച്ച് വന്ന് വഴക്കിടുമോ, തല്ലുമോ എന്ന ഭയം നിറഞ്ഞ മനസ്സുമായി രാത്രി ഉറങ്ങുവാൻ കഴിയാതെ കണ്ണുനീരോടെ ദിവസങ്ങൾ കഴിച്ചുകൂട്ടുന്ന ജീവിതമായിരുന്നു.



സ്വന്ത ഇഷ്ടപ്രകാരം തനിക്ക് ലഭിച്ചതിനെക്കുറിച്ച് അതിനുശേഷമാണ് അവൾ തിരിച്ചറിയുവാൻ തുടങ്ങിയത്.

മറ്റൊരു കുടുംബത്തിൽ ഒരു വരൻ തന്റെ ഭാര്യഉയർന്ന വിദ്യാഭ്യാസവും, ധാരാളം സമ്പാദിക്കുന്നവളുമായിരിക്കണമെന്ന് ആഗ്രഹിച്ചു. അങ്ങനെയെങ്കിൽ കുടുംബഭാരം അവളും പങ്കിടും, ജീവിതം സുഗമമാകുമെന്ന് ചിന്തിച്ച്, വരുന്ന വിവാഹാലോചനകളെല്ലാം ഇഷ്ടമല്ലെന്ന് തടഞ്ഞുകൊണ്ടിരുന്നു. മാതാപിതാക്കളും ബന്ധുക്കളും എത്ര ഉപദേശിച്ചിട്ടും അവൻ ചെവിക്കൊണ്ടില്ല. അവസാനം ധാരാളം പണം സമ്പാദിക്കുന്ന ഒരു ഭാര്യയെ അവന് ലഭിച്ചു. എന്നാൽ അവൾ സമ്പാദിക്കുന്ന പണം അവളുടെ ചെലവുകൾക്ക് പോലും തികഞ്ഞിരുന്നില്ല. വിലകൂടിയ വസ്ത്രങ്ങളും, അനുബന്ധ ഉപകരണങ്ങളും, ഷൂകളുമായി ആമസോൺ തൊഴിലാളികൾ ദിവസവും വീട്ടിൽ വന്നുകൊണ്ടിരുന്നു. അതുമാത്രമല്ല, ഞാനും, നീയും ഒരുപോലെ സമ്പാദിക്കുന്നു എന്നു പറഞ്ഞ് ഭർത്താവിനെ പേര് പറഞ്ഞ് വിളിക്കുകയും, ഭാര്യ ഭർത്താവിന് ചെയ്യേണ്ട കടമകളൊന്നും ചെയ്തിരുന്നുമില്ല. ഇങ്ങനെയൊരു കുടുംബജീവിതം തനിക്ക് ആവശ്യമാണോ എന്ന് മനോഭാരത്തോടെ ഭർത്താവ്.



വധു/വരന്റെ ബാഹ്യരൂപം, ഉയർന്ന വിദ്യാഭ്യാസം, ജോലി, സമ്പത്ത്, പദവി, വിദേശ രാജ്യങ്ങളോടുള്ള അഭിനിവേശം, സുഖജീവിതംതുടങ്ങിയവയ്ക്കായി ശാഠ്യം കാണിച്ച് ദാമ്പത്യജീവിതം നേടിയെടുക്കുന്നവർക്ക് ഇത്തരം സംഭവങ്ങൾ ഒരു മുന്നറിയിപ്പായിരിക്കട്ടെ. വിവാഹത്തിനായി കാത്തിരിക്കുന്ന യൗവനക്കാർ ആഗ്രഹിക്കുവാൻ പാടില്ല എന്നല്ല. നിങ്ങളുടെ ആഗ്രഹങ്ങൾ കർത്താവിനെ അറിയിക്കുവിൻ. അതിൽ വലിയൊരു അനുഗ്രഹമുണ്ട്.

കർത്താവ് ചിലപ്പോൾ ശരി എന്ന് ഉത്തരം നൽകും. ചിലപ്പോൾ ഇത് നല്ലതല്ല, വേണ്ട എന്ന് പറഞ്ഞാലും സ്വീകരിക്കുവാനുള്ള പക്വത ഓരോ ദൈവമക്കൾക്കും ഉണ്ടാകണം.

വേദപുസ്തകത്തിൽ ശമുവേൽ പ്രവാചകൻ നടത്തിയ അഭിഷേകം നിമിത്തം താൻ ഇസ്രായേലിനെ ഭരിക്കും എന്ന് ദാവീദ് രാജാവിന് മുൻകൂട്ടി അറിയാമായിരുന്നു. ശൗൽ രാജാവ് തന്നെ തുരത്തി തുരത്തി കൊല്ലുവാൻ ശ്രമിച്ചതു മാത്രമല്ല, തന്റെ പുത്രന്മാരും യുദ്ധത്തിൽ മരിച്ചു എന്ന വാർത്ത കേട്ടപ്പോഴും ദാവീദിന് തന്റെ സ്വന്തം ദേശത്ത് ജീവിക്കുവാൻ ആഗ്രഹമുണ്ടായിരുന്നിട്ടും അവൻ തന്റെ ദൈവത്തോട് ഞാൻ യഹൂദയിലെ നഗരങ്ങളിലൊന്നിലേക്ക് ചെല്ലണമോ എന്ന് ചോദിച്ചതിന്, കർത്താവ് പോകൂ എന്ന് പറഞ്ഞതിനുശേഷം മാത്രമാണ് അവൻ ഭാര്യമാരെ കൂട്ടിക്കൊണ്ടുപോയത് (2 ശമു 2:1). തുടർന്ന് അദ്ദേഹം സിംഹാസനത്തിലിരുന്ന് 40 വർഷം ഭരിച്ചു. എന്നാൽ ന്യായാധിപന്മാരുടെ കാലത്ത്, ദേശത്തുണ്ടായ ക്ഷാമം നിമിത്തം, യെഹൂദയിൽ എലീമേലെക്ക് എന്നു പേരുള്ള ഒരു മനുഷ്യൻ ദൈവത്തെ വിശ്വസിക്കാതെ സ്വമേധയാ മോവാബ് ദേശത്ത് പോയി അലഞ്ഞുനടന്നു. അതുകൊണ്ടുതന്നെ ഒരിക്കലും അവൻ സ്വന്ത നാട്ടിലേക്ക് മടങ്ങിയില്ല (രൂത്ത് 1:1,2). ചെറുതോ വലുതോ ആയ ഏതൊരുകാര്യവും ദൈവത്തെ അറിയിച്ച് തീരുമാനം എടുക്കുന്നതിന്നതിലുള്ള അനുഗ്രഹത്തെ അനുഭവിക്കുവാൻ കഴിഞ്ഞുവോ?

**പ്രിയ സ്നേഹിതരെ! എന്തെങ്കിലും ചെയ്യുന്നതിന് മുമ്പ്, നിങ്ങളുടെ ആഗ്രഹത്തെ ഉപേക്ഷിച്ച്, ദൈവഹിതത്തിന് സമർപ്പിക്കുമ്പോൾ, കർത്താവ് അനുഗ്രഹീതമായ ജീവിതം ഒരുക്കിനൽകും.**

**മറ്റൊരു NISUIN BERIYTH മായി അടുത്ത മാസം കാണാം.**



TECH - 6

# ഫോണിന്റെ ഉപയോഗം

**പ്രിയപ്പെട്ട യൗവനക്കാരെ, യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്ക് എന്റെ സ്നേഹാശംസകൾ കഴിഞ്ഞ മാസങ്ങളിൽ Cloud Storageനെക്കുറിച്ചും അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന Google Docs, Google sheets ആപ്പുകളെക്കുറിച്ചും നാം മനസ്സിലാക്കി. Cloud Storage നൊപ്പം ഉപയോഗിക്കാവുന്ന Google photos നെക്കുറിച്ച് ഇത്തവണ പഠിക്കാം.**

ഈ ലോകത്തിൽ ഒന്നും ശാശ്വതമല്ലെന്നും എന്നാൽ ഓർമ്മകൾ മാത്രമാണ് ശാശ്വതമെന്നും പറയപ്പെടുന്നു. ഇക്കാലത്ത് ഫോട്ടോഗ്രാഫുകൾ നമ്മുടെ ഓർമ്മകൾ തിരികെ കൊണ്ടുവരുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. മൊബൈൽ ഫോൺ കണ്ടുപിടിക്കുന്നതിനുമുമ്പ് ഫോട്ടോകൾ വെറും കാർഡുകളായിരുന്നു. അത് ആൽബത്തിൽ സൂക്ഷിക്കുന്നു. മൊബൈൽ ഫോൺ ഫോട്ടോഗ്രഫി കണ്ടുപിടിച്ചതിന് ശേഷം എല്ലാവരും മൊബൈൽ ഫോണിൽ ഫോട്ടോ എടുക്കുവാൻ തുടങ്ങി. ഫോൺ പെട്ടെന്ന് തകരാറിലായാൽ, എല്ലാ ഡാറ്റയും ഫോട്ടോകളും നഷ്ടപ്പെടും. പ്രധാനപ്പെട്ട ചില ഫോട്ടോകൾ നഷ്ടപ്പെടുന്നത് കൂടുതൽ വിഷമമുണ്ടാക്കും. ഇതുപോലുള്ള സാഹചര്യത്തിൽ Cloud Storage നമ്മെ സഹായിക്കുന്നു.

Cloud Storage ഉപയോഗിച്ച് ഫോട്ടോകൾ സംരക്ഷിക്കുവാൻ Drop Box, Microsoft one drive, icloud, Google photos പോലുള്ള നിരവധി വെബ്സൈറ്റുകളുണ്ട്. മിക്കവാറും എല്ലാ Cloud Storage വെബ്സൈറ്റുകളും നിർദ്ദിഷ്ട തോതിൽ പണം അടച്ച് ഉപയോഗപ്പെടുത്താം. ഈ മാസം നമ്മൾ Google photos കാണുവാൻ പോകുന്നു.

ഗൂഗിൾ ഫോട്ടോസ് ഗൂഗിളിന്റെ സൗജന്യ ക്ലൗഡ് ഫോട്ടോ സംഭരണമാണ്.

16 പിക്സൽ വരെയുള്ള ഫോട്ടോകൾക്കും 1080 mp വരെയുള്ള ആൽബം വീഡിയോകൾക്കും അൺലിമിറ്റഡ് സ്റ്റോറേജ് ഉണ്ട്. (പിന്നീട് നിങ്ങൾക്ക് ആവശ്യമുള്ളത്ര സംഭരിക്കാം).

ഒറിജിനൽ ക്വാളിറ്റിയിൽ ഫോട്ടോകൾ അപ് ലോഡ് ചെയ്യണമെങ്കിൽ 15 GB വരെ ഉപയോഗിക്കാം.

ആൻഡ്രോയിഡ്, ഐഒഎസ് മൊബൈലുകളിലും ഉപയോഗിക്കാം. ഒരു വെബ് ബ്രൗസറിലൂടെ http//www.google.com/photos എന്ന അഡ്രസ് നിങ്ങൾക്ക് ഉപയോഗിക്കാം.

Google photos ആണ് Machine Learning സാങ്കേതികവിദ്യയിലൂടെ ഫോട്ടോകൾ എളുപ്പത്തിൽ പ്രമാണങ്ങളിലേക്ക് സംയോജിപ്പിക്കാൻ കഴിയുന്നു. ഉദാഹരണമായി കാർ എന്ന് തിരഞ്ഞാൽ നിങ്ങൾ ഇതുവരെ എടുത്ത കാറുകളുടെ ഫോട്ടോകൾ മാത്രമേ കാണിക്കൂ. ഒരു സ്ഥലത്തിന്റെ പേര് search ചെയ്താൽ ആ സ്ഥലത്ത് നിങ്ങൾ എടുത്ത എല്ലാ ഫോട്ടോകളും പ്രദർശിപ്പിക്കും.

മുഖങ്ങൾ അടിസ്ഥാനമാക്കി നിങ്ങൾ പേരുകൾ രജിസ്റ്റർ ചെയ്താൽ, നിങ്ങൾ ഇതുവരെ upload ചെയ്ത് എല്ലാ ഫോട്ടോകളിൽ നിന്നും ഒരു പ്രത്യേക വ്യക്തിയെ filter ചെയ്യുവാനും കണ്ടെത്തുവാനും കഴിയും.

ഫോട്ടോകൾ എളുപ്പത്തിൽ കൈമാറുവാൻ കഴിയും (ഡൗൺലോഡ് ചെയ്യാതെ). അതുകൊണ്ട് Google photos ഉപയോഗിച്ചാൽ നമ്മുടെ ഓർമ്മകൾ എളുപ്പത്തിൽ നഷ്ടപ്പെടില്ല. അവ ഒരു പ്രത്യേക സ്ഥലത്ത് ശേഖരിക്കാതെ, അവ എപ്പോൾ എവിടെ വേണമെങ്കിലും ഉപയോഗിക്കാം.

പ്രിയപ്പെട്ട യൗവനക്കാരെ! കർത്താവ് നമുക്ക് നൽകിയ ജ്ഞാനം ഉപയോഗിച്ചുകൊണ്ട് മനുഷ്യന് നമ്മുടെ സാധനങ്ങൾ സൂക്ഷിക്കുവാനും ഓർമ്മിക്കുവാനുമുള്ള അതിമനോഹരമായ സാങ്കേതികവിദ്യ സൃഷ്ടിക്കുവാൻ കഴിയുമെങ്കിൽ, നമ്മെ സൃഷ്ടിച്ച കർത്താവിന് നമ്മെ ഓർമ്മിക്കുകയും സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുമെന്ന് എത്രത്തോളം ഉറപ്പാണ്. വിശുദ്ധ വേദപുസ്തകത്തിൽ, "ഇതാ ഞാൻ നിന്നെ എന്റെ ഉള്ളംകൈയിൽ വരച്ചിരിക്കുന്നു; നിന്റെ മതിലുകൾ എല്ലായ്പ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു" എന്നു പറയുന്നു. അത്യുന്നതനായ കർത്താവിന്റെ കരങ്ങളിൽ നിന്നെ വരച്ചിരിക്കുന്നു, എപ്പോഴും നീ കർത്താവിന്റെ ഓർമ്മയിലുണ്ട്. ആർക്കും നിന്നെ കർത്താവിൽ നിന്ന് അകറ്റുവാനോ ആ ഓർമ്മയിൽ നിന്ന് മായ്ച്ചുകളയുവാനോ കഴിയില്ല!




അടുത്ത മാസം മറ്റൊരു tech update മായി വീണ്ടും കാണാം. Bye!